# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കോരുത്തോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**




**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ കെടിഎം പി11/1973/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയതി: 04/12/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോരുത്തോട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ കെടിഎം പി11/1973/2024 തീയ്യതി: 04/12/2024

# കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2023 മുതൽ 30-09-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-09-2023 മുതൽ 30-06-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മാത്യു ജേക്കബ് | ഡെപ്യൂട്ടി ഡയറക്ടർ | 05-11-2024 | 15-11-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-11-2024 | 15-11-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജിമോൻ. വി. ജി, ഓഡിറ്റ് ഓഫീസർ
ജോസ് തോമസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
വിഷ്ണു. പി. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ഉണ്ണികൃഷ്ണൻ. എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീജ ഷൈൻ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| പ്രശാന്ത്. ബി | സെക്രട്ടറി | 01-04-2023 | 07-07-2023 |
| രജനിമോൾ. റ്റി. ഡി | സെക്രട്ടറി | 08-07-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| നിയാസ്. പി. എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ബെന്നി തോമസ് | അസിസ്റ്റന്റ് എഞ്ചിനിയർ ഇൻ ചാർജ്ജ് (LID & EW) | 01-04-2023 | 29-07-2023 |
| അജീഷ്. കെ. ജി | അസിസ്റ്റന്റ് എഞ്ചിനിയർ (LID & EW) | 30-07-2023 | 31-03-2024 |
| ഡോ. സോനു ചന്ദ്രൻ | മെഡിക്കൽ ഓഫീസർ (PHC) | 01-04-2023 | 19-08-2023 |
| ഡോ. ബിന്ദു ബാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ (PHC) | 20-08-2023 | 31-03-2024 |

| | | | |
|---|---|---|---|
| ഡോ. ആസിയ. എം. എം | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 20-08-2023 |
| ഡോ. ലിസി. കെ. റ്റി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 21-08-2023 | 31-03-2024 |
| ഡോ. സോന സണ്ണി | വെറ്ററിനറി സർജ്ജൻ | 01-04-2023 | 31-03-2024 |
| വേണുഗോപാൽ. പി. ആർ | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| രാജൻകുട്ടി. എൻ. ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ | 01-04-2023 | 16-07-2023 |
| രേണു. പി. ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ | 17-07-2023 | 27-12-2023 |
| രഞ്കു സുരേഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ | 28-12-2023 | 31-03-2024 |
| കണ്ണൻ. എസ്. പിള്ള | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ജെനിറ്റ് ജെയിംസ് | ഐ. സി. ഡി. എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ഷീബ രാജൻ | ഹെഡ് മിസ്ട്രസ് | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | മൂലധന ആസ്തി കണക്കുകൾ കൃത്യമല്ല | 1-1-3 |
| 5 | Capital Work In Progress കണക്കുകൾ കൃത്യമായി തയ്യാറാക്കിയിട്ടില്ല | 1-1-4 |
| 6 | വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | നിർവഹണ ഏജൻസികൾ തിരികെ ഒടുക്കിയ തുകകൾ യഥാവിധി ക്രമീകരിച്ചില്ല | 1-1-6 |
| 8 | അയഥാർത്ഥമായ തുകകൾ ഋണശീർഷ കണക്കുകളിൽ നിലനിർത്തുന്നു | 1-1-7 |
| 9 | നിർവഹണ ഏജൻസികൾക്ക് കൈമാറിയ തുകകൾ യഥാവിധി ക്രമീകരിക്കുന്നില്ല | 1-1-8 |
| 10 | റവന്യൂ കുടിശ്ശികയ്ക്ക് പ്രൊവിഷൻ നൽകിയിട്ടില്ല | 1-1-9 |
| 11 | സംയോജിത പദ്ധതികൾക്ക് ലഭിച്ച ഇതര തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതങ്ങൾ ധനകാര്യപത്രികയിൽ നിലനിർത്തി | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഗ്രാന്റ് വിനിയോഗത്തിലെ ഗുരുതരമായ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നത് 72 ലക്ഷത്തിൽപ്പരം രൂപ | 1-4-1 |
| 15 | റവന്യൂ പിരിവിലെ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമായത് ₹150160/- | 1-4-2 |
| 16 | ഗ്രാന്റ് വിനിയോഗം | 1-4 |
| 17 | പ്രത്യേക ഘടക പദ്ധതികളിൽ ഉൾപ്പെട്ട പ്രോജക്ടുകൾ നടപ്പാക്കിയില്ല | 1-5-1 |
| 18 | വാർഷിക പദ്ധതി അവലോകനം. | 1-5 |
| 19 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | വസ്തു നികുതി പരിഷ്കരണം - കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമാക്കിയില്ല | 1-11 |
| 25 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ വ്യത്യസ്ത നമ്പറുകൾ നൽകി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു | 1-12 |
| 26 | വസ്തു നികുതി - കുടിശ്ശിക തുക ഈടാക്കിയില്ല | 1-13 |
| 27 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-14 |
| 28 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-15 |
| 29 | IFTE & OS ലൈസൻസ് - സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നില്ല | 1-16 |
| 30 | ഗണ്യമായ തുക കറന്റ് അക്കൗണ്ടിൽ നിലനിർത്തുന്നു | 1-17 |
| 31 | സംരക്ഷണഭിത്തിയുടെ ഫൗണ്ടേഷനുവേണ്ടി മണ്ണ് നീക്കം ചെയ്യുന്നതിന് ഉയർന്ന നിരക്ക് അനുവദിച്ചു | 1-18 |
| 32 | വിനിയോഗ സാക്ഷ്യപത്രം/കൈപ്പറ്റ് രസീത് ലഭ്യമാക്കിയില്ല | 1-19 |
| 33 | ലൈഫ് ഭവന പദ്ധതി - ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമാണം ആരംഭിച്ചിട്ടില്ല | 1-20 |
| 34 | ലൈഫ് ഭവന പദ്ധതി - തുക അധികം അനുവദിച്ചു. | 1-21 |
| 35 | ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃ രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ | 1-22 |
| 36 | മരണപ്പെട്ടവരുടെ പെൻഷൻ റദ്ദാക്കാൻ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നില്ല | 1-23 |
| 37 | മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചു | 1-24 |
| 38 | അസി.എൻജിനിയർ നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾ-ആസൂത്രണം ചെയ്തവ 76, നടപ്പാക്കിയത് 17 | 1-25 |
| 39 | ഇ-ടെൻഡർ ഫോം വില ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല | 1-26 |
| 40 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ- അവലോകനം | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ലൈഫ് ഭവന പദ്ധതി - തുക അധികം അനുവദിച്ചു. | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പ്രൊജക്ടുകളുടെ ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. **കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ** 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 26.06.2024-ലെ 5(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 29.06.2024-ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രിക 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

**തീയതി : 04.12.2024** **ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-1 ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-78 പ്രകാരമുള്ള പഞ്ചായത്ത് ജനറൽ ഫണ്ട് മൂല്യം വ്യക്തമാക്കുന്ന രേഖകളും 31/03/2024 വരെയുള്ള ആകെ ജനറൽ ഫണ്ട് കണക്കാക്കിയതിന്റെ വിശദാംശവും ലഭ്യമല്ല. 2011-12 മുതൽ 2022-23 വരെ Excess Of Income Over Expenditure കണക്കാക്കിയ രേഖകളും 2023-24 ലെ അറ്റ പ്രവർത്തനമിച്ചം ക്യാരി ഓവർ ചെയ്തതിന്റെ രേഖകളും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. ആകയാൽ ഗ്രാമപഞ്ചായത്തിന്റെ 31/03/2024-ലെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത സ്ഥിരീകരിക്കാൻ കഴിഞ്ഞിട്ടില്ല. ബി-1പട്ടികപ്രകാരം 31.03.2024-ലെ പഞ്ചായത്ത് ജനറൽ ഫണ്ട് നീക്കിബാക്കി (-)4927945. ആണ്. പഞ്ചായത്ത് ജനറൽ ഫണ്ട് നെഗറ്റീവ് ആയി രേഖപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല.

## 1-1-2 മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല

മൂലധന വകയിരുത്തൽ (Capital Contribution) ശീർഷകത്തിലെ മുന്നിരിപ്പിന്റെ വിശദാംശം 2011-12 മുതൽ 2022-23 വരെയുള്ളത് ഫണ്ട് തിരിച്ചും സാമ്പത്തിക വർഷം തിരിച്ചും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആകയാൽ സൃഷ്ടിക്കപ്പെട്ട മൂലധന ആസ്തികൾക്ക് ആനുപാതികമായാണ് ഫണ്ടുകളുടെ വകയിരുത്തൽ എന്ന് സ്ഥിരീകരിക്കാനാവില്ല.

## 1-1-3 മൂലധന ആസ്തി കണക്കുകൾ കൃത്യമല്ല

സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരിക്കുകയും തുടർന്ന് കാലികമാക്കാതിരിക്കുകയും ചെയ്തതിനാൽ ധനകാര്യപത്രികയിൽ നൽകിയിട്ടുള്ള മൂലധന ആസ്തികളുടെയും അവയുടെ മൂല്യശോഷണത്തിന്റെയും കണക്കുകൾ കൃത്യമല്ല.

## 1-1-4 Capital Work In Progress കണക്കുകൾ കൃത്യമായി തയ്യാറാക്കിയിട്ടില്ല

പ്രസ്തുത ഇനത്തിൽ B-11(b) പട്ടികയിൽ ₹979563/-നിലനിർത്തിയിട്ടുണ്ട്. ഇത് സാംഖ്യ സമ്പ്രദായത്തിൽനിന്ന് ILGMS-ലേക്ക് മാറിയ സന്ദർഭത്തിൽ ജേണൽ വൗച്ചർ മുഖേന നിലനിർത്തിയ തുകയാണ്. പാർട്ട് ബില്ലിന്റെ വിവരങ്ങൾ കൃത്യമായി നിർണയിച്ച് അവ മൂലധനക്കണക്കുകളിലേക്ക് ഇനിയും ക്രമീകരിച്ചിട്ടില്ല. കൂടാതെ തൻവർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകളും ഈയിനത്തിൽ വർഗ്ഗീകരിച്ച് സൂക്ഷിച്ചിട്ടില്ല.

## 1-1-5 വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രൂ ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. പ്രധാന വരവിനങ്ങൾക്ക് 29.09.2023,
31. 03. 2024 എന്നീ തീയതികളിലാണ് അക്രൂവൽ എൻട്രികൾ നൽകിയിട്ടുള്ളത്. അതോടൊപ്പം മുൻവർഷം മുൻകൂറായി ഈടാക്കിയ വരവിനങ്ങൾ തൻവർഷ വരവിലേക്ക് ജേണൽ വൗച്ചർ മുഖേന ക്രമീകരിച്ചിട്ടുമില്ല.

## 1-1-6 നിർവഹണ ഏജൻസികൾ തിരികെ ഒടുക്കിയ തുകകൾ യഥാവിധി ക്രമീകരിച്ചില്ല

വിവിധ നിക്ഷേപ പ്രവൃത്തികളുടെ നിർവഹണത്തിനായി കൈമാറിയിരുന്നതിൽ നിർവഹണ ഏജൻസികൾ തിരികെ ഒടുക്കിയ തുകകൾ സർക്കാരിലേക്ക് ഒടുക്കാതെ തനതുഫണ്ടിന്റെ ഭാഗമാക്കിയിട്ടുള്ളതായി കാണുന്നു. ബി-4, ബി-9 പത്രികകളിൽ നിലനിർത്തിയിട്ടുള്ള തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി/സ്ഥാപനത്തിന്റെ പേര് | തിരികെ ഒടുക്കിയ തുക | ധനകാര്യപത്രികയിലെ പട്ടിക |
|---|---|---|
| കേരള ജല അതോറിറ്റി | 1376000 | ബി-4 |
| കെൽട്രോൺ | 7069 | ബി-9 |
| ആൻട്രികോം സിസ്റ്റംസ് | 3000 | ബി-9 |

## 1-1-7 അയഥാർത്ഥമായ തുകകൾ ഋണശീർഷ കണക്കുകളിൽ നിലനിർത്തുന്നു

ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ശേഷിക്കാത്തതും സർക്കാർ ഉത്തരവ് പ്രകാരം സാമ്പത്തികവർഷാവസാനം ലാപ്സായതുമായ തുക ധനകാര്യ പത്രികയുടെ ബി-4 പട്ടികയിൽ നിലനിർത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കണക്കു ശീർഷകം | ഇനം | തുക |
|---|---|---|
| 350200102 | വികസന ഫണ്ട് എസ്.സി.പി-ക്യാപിറ്റൽ | 138372 |

## 1-1-8 നിർവഹണ ഏജൻസികൾക്ക് കൈമാറിയ തുകകൾ യഥാവിധി ക്രമീകരിക്കുന്നില്ല

വിവിധ നിർവഹണ ഏജൻസികൾക്ക് നിക്ഷേപ പ്രവൃത്തികൾക്കായി കൈമാറുന്ന തുകകൾ "മുൻകൂർ" എന്ന ഗണത്തിൽപ്പെടുത്തി ധനകാര്യപത്രികയുടെ ബി-18പട്ടികയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. നിലവിൽ പ്രസ്തുത പട്ടികയിൽ പ്രതിഫലിക്കുന്ന ഭൂരിഭാഗം തുകകളും വർഷങ്ങൾക്കു മുൻപ് മുതൽ നിക്ഷേപിച്ചവയാണ്. അവ യഥാവിധി വിനിയോഗിച്ചതായ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി മൂലധനക്കണക്കുകളിൽ ഉൾപ്പെടുത്താത്തതിനാൽ ക്രമീകരിക്കാൻ ശേഷിക്കുന്ന തുകകളുടെ ആധികാരികത സ്ഥിരീകരിക്കാൻ കഴിഞ്ഞിട്ടില്ല. സാംഖ്യ സമ്പ്രദായ കാലയളവിലെ പ്രസ്തുത തുകയും ജേണൽ വൗച്ചർ മുഖേന ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

## 1-1-9 റവന്യൂ കുടിശ്ശികയ്ക്ക് പ്രൊവിഷൻ നൽകിയിട്ടില്ല

വസ്തു നികുതി, തൊഴിൽനികുതി എന്നീ വരവിനങ്ങളിൽ വർഷങ്ങളുടെ കുടിശ്ശികയുണ്ടെങ്കിലും അവയിൽ കാലഹരണപ്പെടാൻ സാധ്യതയുള്ളവയുടെ കണക്ക് കൃത്യമായി നിർണയിച്ച് B-15(a) പട്ടികയിൽ പ്രൊവിഷൻ നൽകിയിട്ടില്ല.

## 1-1-10 സംയോജിത പദ്ധതികൾക്ക് ലഭിച്ച ഇതര തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതങ്ങൾ ധനകാര്യപത്രികയിൽ നിലനിർത്തി

സംയുക്ത പദ്ധതികൾക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച ₹1627332/-(478211+1022204+126917), ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച ₹596276/-(570000+26276) എന്നിവ വിനിയോഗിക്കാൻ

ശേഷിക്കുന്നതായി ധനകാര്യപത്രികയുടെ ബി-4 പട്ടികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സംയുക്ത പ്രോജക്ടുകളുടെ വിഹിതങ്ങൾ സൂക്ഷിക്കുന്നതിന് ആരംഭിച്ച ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് 31.03.2022-ൽ സർക്കാർ നിർത്തലാക്കിയതാണ്. എന്നാൽ പ്രസ്തുത അക്കൗണ്ടിൽ ₹587505/- ശേഷിക്കുന്നതായാണ് ധനകാര്യപത്രികയിലെ രേഖപ്പെടുത്തൽ. അപാകത പരിഹരിക്കേണ്ടതാണ്.

**1-2 ബജറ്റ്**

ഓഡിറ്റ് വർഷത്തെ ബജറ്റ്, ഭരണസമിതിയുടെ 15.03.2023 -ലെ 2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് ഭരണസമിതിയുടെ 25.01.2024 തീയതിയിലെ 3(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് – ചെലവ് കണക്കുകളും, പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് – ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 53,47,143/- | 7,25,345/- |
| വരവ് | 21,08,07,736/- | 19,26,38,000/- |
| ആകെ | 21,61,54,879/- | 19,33,63,345/- |
| ചെലവ് | 21,53,78,634/- | 19,24,11,366/- |
| നീക്കിയിരിപ്പ് | 7,76,245/- | 9,51,979/- |

**1-3 സാമ്പത്തിക വിശകലനം**

**റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 1,89,24,506.23/- |
| ഓഡിറ്റ് വർഷത്തെ വരവ് | 5,21,07,326/- |
| ആകെ | 7,10,31,832.23/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,50,38,543/- |
| നീക്കിയിരിപ്പ് | 2,59,93,289.23/- |

**ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 11,12,93,106.57/- |
| ആകെ ചെലവ് | 11,32,37,836.00/- |
| പ്രവർത്തന നഷ്ടം | (19,44,729.50) |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | 1867149/- |
| അറ്റ പ്രവർത്തന നഷ്ടം | -3811878.43/- |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1536329/- |

**1-4-1 ഗ്രാന്റ് വിനിയോഗത്തിലെ ഗുരുതരമായ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നത് 72 ലക്ഷത്തിൽപ്പരം രൂപ**

ധനകാര്യ വകുപ്പിന്റെ 15.07.2021ലെ ജി.ഒ (എം.എസ്).79/2021 നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ലഭ്യമാകുന്നത്. ചെലവു പരിധി 80 ശതമാനം കൈവരിയ്ക്കാത്ത സാഹചര്യത്തിൽ യഥാർത്ഥ ചെലവും 80ശതമാനവും തമ്മിലുള്ള വ്യത്യാസം (Total Allotment X 80% - Actual Expenditure) ഷോർട് ഫോളായി പരിഗണിച്ച് തുടർന്നു വരുന്നതിന്റെ അടുത്ത സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽനിന്ന് കുറവു വരുത്തുന്നതാണ്. വികസന ഫണ്ട് എസ്.സി.പി./ടി.എസ്.പി. ഫണ്ടുകളിൽ സംഭവിയ്ക്കുന്ന ഷോർട്ട് ഫോളിന് തുല്യമായ തുക തുടർന്നുള്ള വർഷത്തെ വികസനഫണ്ട് പൊതുവിഭാഗം ഫണ്ടിൽനിന്ന് പരിഹാര വകയിരുത്തലായി മാറ്റിവെയക്കേണ്ടതുമുണ്ട്. 2023-24 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് സർക്കാർ ഗ്രാന്റുകളൊന്നും നിശ്ചിത 80% പരിധി അധികരിച്ച് ചെലവഴിയ്ക്കാൻ കഴിഞ്ഞില്ല. തൻമൂലം ഷോർട്ട് ഫോളായി 72 ലക്ഷത്തിൽപ്പരം രൂപയാണ് 2025-26-ൽ നഷ്ടമാകുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് (₹) | യഥാർത്ഥ ചെലവ് (₹) | ചെലവ് ശതമാനം | നീക്കിയിരിപ്പ്/ ലാപ്സായ തുക | 2024-25ൽ അനുവദിക്കാവുന്ന ക്യാരി ഓവർ തുക | ഷോർട്ട് ഫോൾ ഇനത്തിൽ 2025-26-ൽ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | (20%) ( ₹) | നഷ്ടമാകുന്ന തുക ( 80% Of Allotment-Actual Expenditure) |
| വികസന ഫണ്ട് (General) | 15016000 | 12108756 | 80.63 | 2907244 | 2907244 (31.03.2024-ലെ നീക്കി ബാക്കി) | 80% ചെലവ് പരിധി കൈവരിച്ചതിനാൽ പ്രത്യക്ഷത്തിൽ നഷ്ടമൊന്നുമില്ല. എന്നാൽ പരിഹാര വകയിരുത്തൽ മൂലം തുക നഷ്ടമാകുന്നുണ്ട്. |
| വികസന ഫണ്ട് (SCP) | 8484000 | 5801598 | 68.38 | 2682402 | 1696800 | 985602 * |
| വികസന ഫണ്ട് (TSP) | 2496000 | 1654899 | 66.30 | 841101 | 499200 | 341901** |
| ആസ്തി പരിപാലന ഗ്രാന്റ് (റോഡിതരം | 2945400 | 1777513 | 60.35 | 1167887 | 589080 | 1188433 |
| ആസ്തി പരിപാലന ഗ്രാന്റ് )(റോഡ്) | 7643350 | 1421150 | 18.59 | 6222200 | 1528670 | 4693530 |
| ആകെ | | | | | | 7209466 |

*, ** തുടർന്നുള്ള വർഷം വികസന ഫണ്ട് പൊതു വിഭാഗത്തിൽനിന്ന് പരിഹാര വകയിരുത്തലിന് വേണ്ടി വരുന്ന തുക.

വികസന ഫണ്ട് (SCP), (TSP) എന്നിവയുടെ ചെലവിൽ തൻവർഷമുണ്ടായ കുറവിന് ഷോർട്ട് ഫോളിന് തുല്യമായി 2024-25 ൽ പൊതുവിഭാഗം ഫണ്ടിൽനിന്ന് നടത്തേണ്ട പരിഹാര വകയിരുത്തലിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | പരിഹാര വകയിരുത്തലിന് വേണ്ടി വരുന്ന തുക(₹) |
|---|---|
| വികസന ഫണ്ട് (SCP) | 985602 |
| വികസന ഫണ്ട് (TSP) | 341901 |
| ആകെ | 1327503 |

### തൻവർഷത്തെ ക്യു ബിൽ വിശദാംശങ്ങൾ

പ്രോജക്ട് പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ബിൽ തയ്യാറാക്കിയിട്ടും ട്രഷറി നിയന്ത്രണം മൂലം തുക പിൻവലിക്കാൻ കഴിയാതെ ക്യൂവിലായ ബില്ലുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫണ്ട് | ബില്ലുകളുടെ എണ്ണം | തുക | അലോട്ട്മെന്റിന്റെ ശതമാനം |
|---|---|---|---|---|
| 1 | വികസന ഫണ്ട് (പൊതുവിഭാഗം) | 31 | 2853365 | 19 |
| 2 | വികസന ഫണ്ട് (SCSP) | 2 | 380000 | 4.5 |
| 3 | വികസന ഫണ്ട് (TSP) | 1 | 128000 | 5.1 |
| 4 | ആസ്തിപരിപാലന ഗ്രാന്റ്(R) | 6 | 1310978 | 17.2 |
| 5 | ആസ്തിപരിപാലന ഗ്രാന്റ്(NR) | 6 | 543236 | 18.4 |

കാലികമായി പ്രോജക്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ വന്ന പിഴവ്, സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മൂലം സാമ്പത്തികവർഷാവസാനമുണ്ടായ ട്രഷറി നിയന്ത്രണം എന്നിവയാണ് ഗ്രാന്റ് വിനിയോഗത്തിലെ കുറവിന് ചൂണ്ടിക്കാട്ടാവുന്ന കാരണങ്ങൾ. വികസനപരമായി ഏറെ ലക്ഷ്യങ്ങൾ മുന്നിൽക്കാണുന്ന ഗ്രാമപഞ്ചായത്തിന് വാർഷിക പദ്ധതി നിർവഹണത്തിനായി ലഭിച്ച തുകകൾ അധികൃതരുടെ അനാസ്ഥ മൂലം നഷ്ടപ്പെട്ടത് ഒട്ടുംതന്നെ അംഗീകരിക്കാവുന്നതല്ല. ക്യാരി ഓവറായി 20% തുക ലഭിക്കുകയെന്നത് കേവലം സാങ്കേതികത്വം മാത്രമാണ്. അത് ലഭിക്കാത്ത സാഹചര്യത്തിൽ സംഭവിക്കുന്ന നഷ്ടത്തിന്റെ വ്യാപ്തം വലുതാണ്. അതത് വർഷം പ്രോജക്ടുകൾക്ക്

വകയിരുത്തുന്ന തുകകൾ ചെലവഴിക്കാതെ വരുന്ന സാഹചര്യം തുടർവർഷങ്ങളിൽ നൂതനമായ പ്രോജക്ടുകൾക്ക് വിഭവസമാഹരണം സാധ്യമാകാത്ത സാഹചര്യം സൃഷ്ടിക്കുക മാത്രമല്ല അനിവാര്യ വകയിരുത്തലുകൾക്കുപോലും ഫണ്ട് തികയാതെ വരുന്ന അവസ്ഥയ്ക്കും ഹേതുവാകുന്നതാണ്. ഭീമമായ ഷോർട്ട് ഫോളിലൂടെ ഗ്രാമപഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടമുണ്ടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ വീഴ്ച ആവർത്തിക്കാതിരിക്കാൻ കർശന മുൻകരുതൽ സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്ത് ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ്, നിർവഹണ ഉദ്യോഗസ്ഥർ എന്നിവരുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-4-2 റവന്യു പിരിവിലെ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമായത് ₹150160/-

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റവന്യു വിഭവങ്ങൾ യഥാവിധി പിരിച്ചെടുക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുന്ന വിഷയം ആറാം സംസ്ഥാന ധനകാര്യകമ്മീഷൻ പ്രത്യേകമായി പരിഗണിച്ചിരുന്നു. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ ആകെ റവന്യു ഡിമാന്റ് തുകയുടെ 90 ശതമാനമെങ്കിലും പിരിച്ചെടുക്കാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക്, വികസന ഫണ്ടിന്റെ (പൊതു വിഭാഗം) ഒരു ശതമാനം പിഴയായി ഈടാക്കണമെന്ന് തങ്ങളുടെ രണ്ടാമതു റിപ്പോർട്ടിലെ 8-ാം നമ്പർ ശുപാർശയായി കമ്മീഷൻ സർക്കാർ മുൻപാകെ സമർപ്പിക്കുകയുണ്ടായി. ഈ ശുപാർശ അംഗീകരിച്ച് സർക്കാർ ധനകാര്യവകുപ്പിന്റെ 18.10.2022-ലെ ജി.ഒ (എംഎസ്) 179/2022 നമ്പർ ഉത്തരവിലൂടെ പിഴ ഈടാക്കൽ നടപടിയ്ക്ക് 2022-23 സാമ്പത്തികവർഷം മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ പൊതു വിഭാഗം വികസന ഫണ്ടിന്റെ അലോട്ട്മെന്റ് ₹ 15016000 ആണ്. 2022-23 സാമ്പത്തികവർഷം റവന്യു പിരിവിൽ 90% നേട്ടം കൈവരിക്കാതിരുന്നത് മുൻനിർത്തി പ്രസ്തുത തുകയിൽനിന്ന് ₹150160/-
(15016000 X 1% ) സർക്കാർ തൻവർഷത്തെ അലോട്ട്മെന്റിൽ കുറവു വരുത്തുകയുണ്ടായി. ലഭ്യമായ വരുമാനസ്രോതസുകൾ പൂർണമായി പിരിച്ചെടുക്കാതെ സർക്കാർ ഗ്രാന്റ് കൂടി നഷ്ടപ്പെടുത്തിയ സാഹചര്യം പിരിവ് വിഭാഗം ജീവനക്കാരുടെയും, മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വികസന പ്രവർത്തനങ്ങൾക്ക് വേണ്ടത്ര തനതു ഫണ്ട് കണ്ടെത്താൻ കഴിയാതെ, വായ്പകളെയും സർക്കാർ ഗ്രാന്റുകളെയും ആശ്രയിക്കുന്ന ഗ്രാമപഞ്ചായത്ത് റവന്യു പിരിവിൽ വീഴ്ച വരുത്തിയത് അംഗീകരിക്കാവുന്നതല്ല. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ വീഴ്ച്ച ആവർത്തിക്കാതിരിക്കാൻ കർശന മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അധികൃതരുടെ അടിയന്തിരശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-4 ഗ്രാന്റ് വിനിയോഗം

| | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 00 | 15016000 | 15016000 | 12108756 | 2907244 | 80.63 |
| വികസന ഫണ്ട്-SCSP | 00 | 8484000 | 8484000 | 5801598 | 2682402 | 68.38 |
| വികസന ഫണ്ട്- TSP | 00 | 2496000 | 2496000 | 1654899 | 841101 | 66.30 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied* | 4391879 | 2487000 + 230597(int) | 7109476 | 2857299 | 4252177 | 40.19 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied** | 3371716 | 1865000 | 5236716 | 583665 | 4653051 | 11.14 |
| ഹെൽത്ത് ഗ്രാന്റ് (PHC) | 60566 | 317000 + 6617(int) | 384183 | 51248 | 332935 | 13.33 |
| ഹെൽത്ത് ഗ്രാന്റ് (Infrastructure) | 00 | 728000 + 11338(int) | 739338 | 00 | 739338 | 00 |
| ഹെൽത്ത് ഗ്രാന്റ് (Buildingless PHCs) | 124757 | 4035(int) | 128792 | 00 | 128792 | 00 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 00 | 7643350 | 7643350 | 1421150 | 6222200 | 18.59 |
| മെയിന്റനൻസ് ഗ്രാന്റ്- | 00 | 2945400 | 2945400 | 1777513 | 1167887 | 60.35 |

| | | | | | | |
|---|---|---|---|---|---|---|
| Non Road | | | | | | |
| SSA ഫണ്ട് | 134279 | 5371(int) | 139650 | 00 | 139650 | 00 |
| പശ്ചിമഘട്ട വികസന പദ്ധതി | 1874 | 440(int) | 2323 | 00 | 2323 | 00 |
| ICDS ഫണ്ട് | 1519883 | 1837265 | 3357148 | 859691 | 2497457 | 25.60 |
| ശബരിമല ഗ്രാന്റ് | 4440809 | 00 | 4440809 | 3103580 | 1337229 | 69.88 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1700926 | 00 | 1700926 | 1612491 | 88435 | 94.80 |
| നിർമ്മൽ പുരസ്കാരം | 250000 | 00 | 250000 | 00 | 250000 | 00 |

* , ** , ILGMS /AFS പ്രകാരമുള്ള കണക്കുകൾ.

**ഗ്രാന്റ് വിനിയോഗ കണക്കുകളിലെ അപാകങ്ങൾ**

1) സ്ഥാപനം സാംഖ്യയിൽ തയ്യാറാക്കിയ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സുലേഖയിൽ തയ്യാറാക്കിയ ഗ്രാന്റ് വിനിയോഗ പത്രിക എന്നിവയിൽ വിവിധ വിഭാഗം ഫണ്ടുകളുടെ സ്രോതസ്സിൽനിന്നും കുറവ് ചെയ്ത തുക വരവിലും (അലോട്ട്മെന്റ്) ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം | സ്രോതസിൽനിന്ന കുറവു ചെയ്ത തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 1591497 |
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 1051200 |
| വികസന ഫണ്ട്-ജനറൽ | റവന്യു പിരിവിലെ പുരോഗതിയില്ലായ്മ മൂലം പിഴയായി ഈടാക്കിയ തുക | 150160 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 629561 |
| വികസന ഫണ്ട്-ടി.എസ്.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 27899 |

**<u>1-5-1 പ്രത്യേക ഘടക പദ്ധതികളിൽ ഉൾപ്പെട്ട പ്രോജക്ടുകൾ നടപ്പാക്കിയില്ല</u>**

കോട്ടയം ജില്ലയിൽ പട്ടികജാതി- പട്ടികവർഗ ജനവിഭാഗങ്ങൾ ഏറ്റവുമധികം അധിവസിക്കുന്ന ഗ്രാമപഞ്ചായത്തുകളിലൊന്നാണ് കോരുത്തോട് ഗ്രാമപഞ്ചായത്ത്. ലഭ്യമായ കണക്കുകൾപ്രകാരമുള്ള ജനസംഖ്യാവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | കുടുംബങ്ങൾ | പുരുഷൻമാർ | സ്ത്രീകൾ | ആകെ ജനസംഖ്യ |
|---|---|---|---|---|
| പട്ടികജാതി | 610 | 1067 | 983 | 2050 |
| പട്ടിക വർഗം | 436 | 688 | 742 | 1430 |

സാമ്പത്തികവും സാമൂഹ്യവുമായി ഏറെ പിന്നാക്കം നിൽക്കുന്ന പ്രസ്തുത ജനവിഭാഗത്തെ സാമ്പത്തികവും സാമൂഹ്യവുമായി ശാക്തീകരിച്ച് മുഖ്യധാരയിലേക്കെത്തിക്കാൻ പര്യാപ്തമായ രീതിയിൽ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞില്ലായെന്ന വസ്തുത ചുവടെ ചേർക്കുന്ന കണക്കുകൾ വെളിവാക്കുന്നു. വാർഡ് അടിസ്ഥാനത്തിൽ ഫണ്ടുകൾ വീതംവെയ്ക്കുന്നതിലൂടെ പ്രോജക്ടുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നുവെങ്കിലും ഉദ്യോഗസ്ഥരുടെ പരിമിതമായ മനുഷ്യശേഷിയും സമയവും വിനിയോഗിച്ച് അവ യഥാസമയം നിർവഹിക്കാൻ കഴിയാതെ വരുന്നതിനാൽ വികസന ലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തുന്നില്ല. ഇത്തരത്തിലുള്ള പദ്ധതി നിർവഹണത്തിന്റെ ആത്യന്തികമായ നഷ്ടം സംഭവിക്കുന്നത് വികസന-ക്ഷേമപ്രവർത്തനങ്ങളുടെ പരിമിതിമൂലം ബുദ്ധിമുട്ടുന്ന സാധുജനങ്ങൾ തന്നെയാണ്. വൈകിയെത്തുന്ന നീതി നീതി നിഷേധത്തിനു തുല്യമാണെന്ന പ്രമാണവാക്യം ഈ വിഷയത്തിൽ വളരെ അന്വർത്ഥമാണ്. അനുദിനം കമ്പോളത്തിൽ നിർമാണ സാധനങ്ങളുടെ വില വർദ്ധിക്കുന്നതും ഷെഡ്യൂൾ നിരക്കുകൾ

മാറുന്നതും മൂലം പശ്ചാത്തലമേഖലയിലെ പ്രോജക്ടുകൾ തുടർന്നുള്ള സാമ്പത്തികവർഷങ്ങളിൽ പൂർത്തിയാക്കേണ്ടി വരുന്നത് അവയുടെ ഗുണനിലവാരത്തെ സാരമായി ബാധിക്കുമെന്നത് ഒരു വസ്തുതയാണ്. കൂടാതെ അതാത് വർഷം പ്രോജക്ടുകൾക്ക് വകയിരുത്തുന്ന തുകകൾ ചെലവഴിക്കാതെ വരുന്നത് സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ കുറവുവരാനും തുടർവർഷങ്ങളിൽ നൂതനമായ പ്രോജക്ടുകൾക്ക് വിഭവസമാഹരണം സാധ്യമാകാത്ത സാഹചര്യം സൃഷ്ടിക്കുകയും ചെയ്യും. പൊതുവിഭാഗം വികസന ഫണ്ട് അനിവാര്യ-നിർബന്ധിത വകയിരുത്തലുകൾക്കുശേഷം വളരെ പരിമിതമായി മാത്രമാണ് ലഭിക്കുന്നതെങ്കിലും ആയതിൽനിന്നും പ്രത്യേക ഘടകപദ്ധതി, പട്ടികവർഗ ഉപപദ്ധതി എന്നിവയിലെ തൻവർഷത്തെ ചെലവിലുണ്ടായ കുറവ് മറികടക്കാൻ തുടർന്നുള്ള വർഷം പരിഹാരമായി വകയിരുത്തേണ്ടി വരുന്നതും ഏറെ ദൗർഭാഗ്യകരമായ സ്ഥിതിവിശേഷമാണ്.

**പ്രത്യേക ഘടകപദ്ധതി, പട്ടികവർഗ ഉപപദ്ധതി എന്നിവയുടെ തൻവർഷ സ്ഥിതിവിവരക്കണക്കുകൾ**

| സാമ്പത്തികവർഷം (2023-24) | ആകെ ആവിഷ്ക്കരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയവ | | പൂർത്തീകരിച്ചവയുടെ ശതമാനം | ഉപേക്ഷിച്ച പ്രോജക്ടുകൾ | |
|---|---|---|---|---|---|---|---|
| | New | Spill Over | New | Spill Over | | New | Spill Over |
| പ്രത്യേക ഘടകപദ്ധതി | | | | | | | |
| | 16 | 06 | 05 | 05 | 45 | 11 | 01 |
| പട്ടികവർഗ ഉപപദ്ധതി | | | | | | | |
| | 08 | 03 | 04 | 03 | 64 | 04 | 00 |

**വികസന ഫണ്ടിന്റെ (എസ്.സി.എസ്.പി), (ടി.എസ്.പി ) ചെലവ് കണക്കുകൾ**

| ഫണ്ട് | ലഭ്യമായ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (എസ്.സി.എസ്.പി), | 8484000 | 5801598 | 68.38 |
| വികസന ഫണ്ട് (ടി.എസ്.പി ) | 2496000 | 1654899 | 66.30 |

കുറഞ്ഞ ചെലവു സാഹചര്യം പരിഹരിക്കുന്നതിനായി 2024-25 സാമ്പത്തികവർഷം വികസന ഫണ്ട് പൊതു വിഭാഗത്തിൽനിന്ന് നടത്തേണ്ടി വരുന്ന വകയിരുത്തലിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| വികസന ഫണ്ട് (എസ്.സി.എസ്.പി), | 985602/- |
| വികസന ഫണ്ട് (ടി.എസ്.പി | 341901/- |

ഗ്രാമപഞ്ചായത്തിന്റെയും സർവോപരി ജനങ്ങളുടെയും ഉത്തമസാമ്പത്തിക-ക്ഷേമ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി, ആവിഷ്ക്കരിക്കപ്പെടുന്ന പ്രോജക്ടുകൾ സമയബന്ധിതവും കാര്യക്ഷമവുമായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ്/മോണിട്ടറിംഗ് സമിതി എന്നിവരുടെ സജീവശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

**1-5 വാർഷിക പദ്ധതി അവലോകനം.**

**(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.**

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 203 | 206814748 | 108 | 61988992 | 95 | 53.2 |

**നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം**

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 09 | 08 | 1920000 | 991455 |
| വെറ്ററിനറി സർജൻ | 12 | 10 | 3546248 | 1945342 |
| മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | 16 | 09 | 6141320 | 2491161 |
| മെഡിക്കൽ ഓഫീസർ (ഐഎസ്എം) | 02 | 02 | 610000 | 607497 |

| | | | | |
|---|---|---|---|---|
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 17 | 14 | 134495614 | 37904319 |
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 54 | 35 | 21139132 | 8396533 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 76 | 17 | 31225542 | 5869391 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 01 | 01 | 250000 | 173247 |
| ഐസിഡിഎസ് സൂപ്പർവൈസർ | 07 | 06 | 5428392 | 2361147 |
| എച്ച് എം, ഗവ.എൽപിഎസ് | 01 | 01 | 10000 | 10000 |
| അസി.സെക്രട്ടറി | 08 | 05 | 2048500 | 1238900 |
| ആകെ | 203 | 108 | 206814748 | 61988992 |

**പദ്ധതി ആസൂത്രണ പ്രക്രിയകളുടെ വിശദാംശങ്ങൾ**

| ഇനം | തീരുമാന നം,/ തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | **03.01.2023** |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 03.01.23, 04.01.23, 05.01.23, 06.01.23, 07.01.23, 08.1.23 |
| ഊരുകൂട്ടങ്ങൾ | 04.01.23, 05.01.23, 06.01.23, 07.01.23, 08.01.23 |
| വികസന സെമിനാർ | 16.01.2023 |
| വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 1(2)/ തീ. 11.02.2023 |
| ഭരണാനുമതി | 2(1)/ തീ. 15.03.2023 |
| ജില്ലാ ആസൂത്രണ സമിതി അംഗീകാരം (ഭേദഗതിയുൾപ്പടെയുള്ള അന്തിമ അംഗീകാരം) | 83898/23/DPC/DPO/KTM തീ. 03.02.2024 |

**ബി) ഓഡിറ്റ് വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട മറ്റു പ്രസക്ത വിവരങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു**

- ആവിഷ്ക്കരിച്ച പ്രോജക്ടുളിൽ 95 എണ്ണവും തൻവർഷം നടപ്പാക്കാൻ കഴിഞ്ഞില്ല.
- സർക്കാരിൽനിന്ന് ലഭ്യമായ ഗ്രാന്റു തുകകൾ യഥാസമയം വിനിയോഗിക്കാൻ കഴിഞ്ഞില്ല. നിശ്ചിത വിനിയോഗ പരിധി കൈവരിയ്ക്കാൻ കഴിയാതിരുന്നത് മുൻനിർത്തി 72 ലക്ഷത്തിലധികം രൂപ 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിൽ പരിഹാരവകയിരുത്തൽ, ഷോർട്ട് ഫോൾ എന്നിവയിലൂടെ നഷ്ടമാകുന്നു. സാമ്പത്തികവർഷാവസാനം ട്രഷറിയിൽ 46 ക്യൂ ബില്ലുകൾ ശേഷിച്ചത് പ്രവർത്തനകലണ്ടർ അനുസരിച്ചുള്ള പദ്ധതി പ്രവർത്തനങ്ങളിലെ ഏകോപനക്കുറവാണ് വെളിവാക്കുന്നത്. ഈ വിഷയത്തിലെ പരാമർശം പ്രത്യേകമായി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത് കാണുക.
- ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരെ വാർഷിക പദ്ധതിയുടെ ഭാഗമാക്കാൻ കഴിഞ്ഞെങ്കിലും പ്രോജക്ട് നിർവഹണത്തിൽ പുരോഗതിയില്ല. അസി. എൻജിനിയറുടെ പ്രോജക്ടുകളിൽ ഭൂരിപക്ഷത്തിനും തൻവർഷം തുക ചെലവഴിക്കാൻ കഴിഞ്ഞില്ല. 76 പ്രോജക്ടുകളുടെ നിർവഹണച്ചുമതല അസി. എൻജിനിയർക്ക് ഉണ്ടായിരുന്നെങ്കിലും 17 എണ്ണം മാത്രമാണ് നടപ്പാക്കിയത്.
- കൃഷി-ക്ഷീരവികസന-മൃഗസംരക്ഷണ-സേവനമേഖലകളിൽ ആവർത്തന സ്വഭാവമുള്ളതെങ്കിലും ആവിഷ്ക്കരിച്ച പ്രോജക്ടുകളിൽ മിക്കവയും നടപ്പാക്കി.
- അസി. എൻജിനിയർ നടപ്പാക്കിയ പ്രോജക്ടുകളിൽ തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതു വഴി അധികച്ചെലവുണ്ടായി.
- ലൈഫ് ഭവന പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലെ ഗുണഭോക്താക്കളിൽ ആദ്യ ഗഡുക്കൾ കൈപ്പറ്റിയ 8 പേർ കരാറനുസരിച്ച് ഗൃഹ നിർമാണവും ഭവന നവീകരണവും പൂർത്തീകരിച്ചിട്ടില്ല. ധനസഹായ വിതരണ രേഖകൾ സമഗ്രവുമല്ല. തന്മൂലം ഒരു ഗുണഭോക്താവിന് സബ്സിഡി അധികമായും അനുവദിച്ചു.

- നിക്ഷേപ പ്രവൃത്തികൾക്കായി നിർവഹണ ഏജൻസികൾക്ക് തുക കൈമാറുന്നതിൽ പദ്ധതി പ്രവർത്തനം അവസാനിപ്പിക്കുന്നു. നൽകിയ തുക ഫലപ്രദവും സമയബന്ധിതവുമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ നടപടികളില്ല. വിനിയോഗ സാക്ഷ്യപത്രം, പദ്ധതി പൂർത്തീകരണ രേഖയില്ലാത്തതിനാൽ മുൻവർഷം വിവിധ ഏജൻസികൾക്ക് കൈമാറിയ ദശലക്ഷക്കണക്കിനുള്ള തുക ക്രമീകരിക്കാനുള്ള മുൻകൂറിനത്തിൽ ശേഷിക്കുന്നു.

അപാകതകൾക്ക് വിശദീകരണവും അതോടൊപ്പം പരിഹാര നടപടികളുടെ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടെ തൻവർഷ കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 148089 | 984948 + 7606 (Int) | 1140643 | 1138075 | 2568 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 00 | 30671401 | 30671401 | 30671401 | 00 |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമപദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 1,38,66,400/- | 1618 |
| കർഷക തൊഴിലാളി പെൻഷൻ | 21,00,000/- | 231 |
| വിധവ പെൻഷൻ | 44,89,200/- | 498 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത വനിതകൾക്കുള്ള പെൻഷൻ | 1,77,600/- | 20 |
| വികലാംഗ പെൻഷൻ | 17,00,800/- | 180 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90,000/- | 03 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 05.11.2024 -ന് 02.58 PM -ന് അക്കൗണ്ടന്റ്, കാഷ്യർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് 669/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

പതിമൂന്നംഗ ഭരണസമിതി നിയന്ത്രിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ ഉദ്യോഗസ്ഥ ഘടന താഴെ പട്ടികയിൽ പരാമർശിയ്ക്കുന്നു.

| തസ്തിക | എണ്ണം |
|---|---|
| സെക്രട്ടറി | 01 |
| അസി. സെക്രട്ടറി | 01 |
| ഹെഡ് ക്ലാർക്ക് | 01 |
| ഹെഡ് അക്കൗണ്ടന്റ് | 01 |
| സീനിയർക്ലാർക്ക് | 03 |
| ക്ലാർക്ക് | 02 |
| ഡ്രൈവർ | 01 |
| ഓഫീസ് അറ്റൻഡന്റ് | 02 |

ഇതോടൊപ്പം കരാർ അടിസ്ഥാനത്തിൽ നിയമിയ്ക്കപ്പെട്ട ടെക്നിക്കൽ അസിസ്റ്റന്റ്, പ്രോജക്റ്റ്

അസിസ്റ്റന്റ്, ദേശീയ തൊഴിലുറപ്പു പദ്ധതിയുടെ ഏകോപനത്തിന് നിയമിതമായ ജീവനക്കാർ, ദിവസ വേതനാടിസ്ഥാനത്തിൽ നിയമിയ്ക്കപ്പെട്ട ആംബുലൻസ് ഡ്രൈവർ എന്നിവരും പഞ്ചായത്തിൽ സേവനം അനുഷ്ഠിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

1.ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്. അതത് സമയങ്ങളിലെ ജോലികൾ നിർവഹിക്കുന്നതിനായി പ്രത്യേകമായും ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

2.മിനിട്ട്സ് ബുക്കുകൾ, ബിൽ രജിസ്റ്റർ, മുൻകൂർ രജിസ്ററർ, നിക്ഷേപ രജിസ്റ്റർ, വൗച്ചറുകൾ തുടങ്ങിയവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.

3.അതത് മാസങ്ങളിലെ വരവു -ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ് , ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ 2024 സെപ്തംബർ മാസം വരയെ നടത്തിയിട്ടുള്ളൂ.

4.തനതു വരുമാനസ്രോതസുകൾ സമയബന്ധിതമായി പിരിച്ചെടുക്കുവാൻ മുൻവർഷം കഴിയാതിരുന്നതിനാൽ ₹151600/-വികസന ഫണ്ടിൽനിന്ന് സർക്കാർ കുറവ് വരുത്തി. റവന്യൂ വരവും ചെലവും തമ്മിലുള്ള അന്തരം നാൾക്കുനാൾ വർദ്ധിക്കുന്നു. വർദ്ധിച്ചുവരുന്ന റവന്യൂ ചെലവുകൾക്കാനുപാതികമായി വരവു വർദ്ധിക്കാത്തതിനാൽ വൻ സാമ്പത്തിക പ്രതിസന്ധിയാണ് തുടർന്നുള്ള വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് അഭിമുഖീകരിക്കേണ്ടത്.

5.സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മൂലം ഗ്രാന്റുകളിൽ കുറവു വരുത്തുന്നത് റവന്യൂ വരുമാനത്തിൽ വൻപ്രതിസന്ധിയുണ്ടാക്കുന്നു. പൊതു ആവശ്യഗ്രാന്റിന്റെ മൂന്നു ഗഡുക്കളാണ് ഇത്തരത്തിൽ നഷ്ടമായത്. ആകെ നഷ്ടം 25 ലക്ഷത്തിൽപ്പരം രൂപ.

6.ILGMS-ലൂടെയുള്ള ഭരണ നിർവഹണത്തിൽ പുരോഗതിയുണ്ട്.

7.സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ചു സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല.

8.വാർഷിക പദ്ധതി നിർവഹണത്തിൽ ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കാൻ സാധിച്ചില്ലയെന്നത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയാണ്.

9.മാലിന്യസംസ്ക്കരണം ഹരിതകർമസേന മുഖേന നടപ്പാക്കി വരുന്നുണ്ട്. എം.സി.എഫ് കെട്ടിടം പ്രവർത്തനസജ്ജമായെങ്കിലും അതിൽ മെഷീനറി ഉൾപ്പടെ വേണ്ടതായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്നു.

10.സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാര്യക്ഷമതയുണ്ടെങ്കിലും മരണപ്പെട്ട വ്യക്തികളുടെ പെൻഷൻ യഥാസമയം റദ്ദു ചെയ്യുന്നതിൽ പിഴവു സംഭവിച്ചത് മൂലം അധികച്ചെലവുണ്ടായിട്ടുണ്ട്.

അഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകതകൾ പരിഹരിച്ച് കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.06.2022 | 04/2022 - 12/2022 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.08.2023 മുതൽ 19.08.2023 വരെ | 2019-20 മുതൽ 2022-23 വരെ | AMG1Wing/2023-2024 /DIS-1171753 /09.10.2023 |

## 1-11 വസ്തു നികുതി പരിഷ്കരണം - കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമാക്കിയില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.03.2023-ലെ ജി.ഒ(എംഎസ്)77/2023 നമ്പർ ഉത്തരവ് പ്രകാരം, 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം, 31.03.2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് തുടർവർഷം 5% വർദ്ധനവും, 01.04.2023 മുതലുള്ള നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് നിർദ്ദേശിയ്ക്കപ്പെട്ടിട്ടുള്ളത്. സ.ഉ.(അച്ചടി) നം.25/2023/LSGD/05.04.2023 നം. ഉത്തരവിലെ നിരക്കുകൾ പ്രകാരം, ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 2 (1)/ 21.07.2023 നം. തീരുമാനം പ്രകാരം നികുതി നിരക്കുകൾ അന്തിമമായി വിജ്ഞാപനം (നം. SC2/2361(1)/2023/03.08.2023) ചെയ്തിട്ടുണ്ട്. എന്നാൽ, 2023-24 സപ്ലിമെന്ററി അസസ്മെന്റ് ഡാറ്റാബേസ് പ്രകാരം, 01.04.2023 -ന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട വിവിധ കെട്ടിടങ്ങൾക്ക് പുതിയ നിരക്കിൽ നികുതി നിരക്ക് ബാധകമാക്കിയിട്ടില്ലായെന്ന് കാണുന്നു. ഉദാഹരണമായി,

പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് നിലവിലുണ്ടായിരുന്ന 6/- രൂപയിൽ നിന്ന് 8/- രൂപ നിരക്കിൽ നികുതി പുതുക്കി നിശ്ചയിച്ചിട്ടുണ്ടെങ്കിലും, ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾക്ക് പരിഷ്ക്കരിച്ച നികുതി നിരക്ക് ബാധകമായിട്ടില്ല.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് /വിലാസം | ഒക്യുപൻസി | നിശ്ചയിച്ച നികുതി നിരക്ക് (Rs.) | നികുതി നിർണ്ണയിച്ച തീയതി |
|---|---|---|---|---|---|
| 1) | I/167 B | ഭഗവതി ഗുരുസ്വാമി പളനിസ്വാമി കുലശേഖരമംഗലം കുപ്പക്കയം | പാർപ്പിടാവശ്യം | 6/- | 19.10.2023 |
| 2) | III/42 A | കെ. കെ. രാജൻ കുട്ടി & ഇ. എൻ. ലീല കല്ലൂക്കുന്നേൽ കൊമ്പുകുത്തി | പാർപ്പിടാവശ്യം | 6/- | 29.07.2023 |
| 3) | VI/254 A | ഏലിയാമ്മ ആന്റണി കൊല്ലംകുന്നേൽ കോരുത്തോട് | പാർപ്പിടാവശ്യം | 6/- | 22.05.2023 |
| 4) | XI/235 B | ഷാജി. കെ. എസ് കൊട്ടാരത്തിൽ കോസടി | പാർപ്പിടാവശ്യം | 6/- | 04.07.2023 |
| 5) | XIII/294 A | ശാന്തമ്മ ശിവാനന്ദൻ തോപ്പിൽ പനക്കച്ചിറ | പാർപ്പിടാവശ്യം | 6/- | 15.05.2023 |

01.04.2023 മുതൽ അന്തിമ വിജ്ഞാപന തീയതി വരെ നികുതി നിർണയിച്ച കെട്ടിടങ്ങൾ സമാനരീതിയിൽ നികുതി വർദ്ധനവിൽ നിന്ന് ഒഴിവാകാനുള്ള എല്ലാ സാധ്യതകളും നിലനിൽക്കുന്നു. ആകയാൽ പ്രസ്തുത കാലയളവിലെ നികുതിനിർണയം പരിശോധനാ വിധേയമാക്കേണ്ടതും, അപാകത സ്ഥിരീകരിക്കുന്നപക്ഷം നികുതി പുനർനിർണ്ണയിച്ച് തുക ഈടാക്കി വിവരമറിയിക്കേണ്ടതുമാണ്.

## 1-12 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ വ്യത്യസ്ത നമ്പറുകൾ നൽകി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു

സഞ്ചയ വെബ് പോർട്ടലിലെ ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി സപ്ലിമെന്ററി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നൽകി വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നു. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം, ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടങ്കിൽ മാത്രമേ, പ്രത്യേക കെട്ടിടങ്ങളായി പരിഗണിച്ച് ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ, പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള, വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നൽകി, ചതുരശ്ര മീറ്ററിന് 30/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കപ്പെട്ടിരിക്കുന്നത്. 22.03.2023 ലെ സ.ഉ.(കൈ) നം.77/2023/LSGD ഉത്തരവ് പ്രകാരം, 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി പരിഷ്ക്കരണ വിജ്ഞാപനപ്രകാരം, (നം. SC2/2361(1)/2023/03.08.2023) 100ച. മീ. മുകളിൽ 500 ച. മീ വരെയുള്ള വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 70/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കപ്പെടേണ്ടത്. കുറഞ്ഞനിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചത് മൂലം, ചട്ട പ്രകാരമുള്ള നികുതി തുക ഈടാക്കുവാൻ സാധിച്ചിട്ടില്ല. കോരുത്തോട് വില്ലേജിൽ സർവേ നം. I/192 -ൽ ഉൾപ്പെട്ട കെട്ടിടത്തിന്റെ നികുതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് /വിലാസം | തറ വിസ്തീർണ്ണം (ച. മീ) | നിർണ്ണയിക്കേണ്ട അടിസ്ഥാന നികുതി (Rs. 70/ M2) | നിലവിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന നികുതി (Rs. 30/ M2) | അടിസ്ഥാന നികുതി തുകയിലുണ്ടായിട്ടുള്ള കുറവ് (Rs.) |
|---|---|---|---|---|---|---|
| 1) | III/42 B | കെ. കെ. രാജൻ കുട്ടി & ഇ. എൻ. ലീല കല്ലൂക്കുന്നേൽ | 45 | 9,256/- | 3,967/- | 5,289/- |
| 2) | III/42 C | | 43.23 | | | |

| | | | | | | |
|---|---|---|---|---|---|---|
| | | കൊമ്പുകുത്തി | | | | |
| 3) | III/42 D | കുപ്പക്കയം | 44 | | | |
| | | **ആകെ** | **132.23** | **9,256/-** | **3,967/-** | **5,289/-** |

ഇപ്രകാരം കെട്ടിടം വിഭജിച്ച് നമ്പറിംഗ് നടത്തി, 29.07.2023-ൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള പ്രസ്തുത കെട്ടിടത്തിന് ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി പരിഷ്കരണ വിജ്ഞാപനം (നം. SC2/2361(1)/2023/03.08.2023) പ്രകാരം നികുതി പുനർനിർണ്ണയിക്കുവാൻ നടപടി സ്വീകരിച്ചിട്ടുള്ളപക്ഷം വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നം.15/13.11.2024) ഭാഗമായി, നികുതി പുനർനിർണ്ണയിച്ച്, 15.11.2024 തീയതിയിലെ SC2/2404/2024 നം. പ്രകാരം ബന്ധപ്പെട്ട കക്ഷിക്ക് അരിയർ ഡിമാന്റ് നോട്ടിസ് നൽകിയിട്ടുണ്ടെന്ന മറുപടി ലഭ്യമായിട്ടുണ്ട്. തുടർ നടപടികൾ പൂർത്തീകരിച്ച് അരിയർ ഇനത്തിൽ നിലനിൽക്കുന്ന നികുതി തുക യഥാവിധി ഈടാക്കി രേഖാമൂലം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. സമാനമായ രീതിയിൽ ഇതര കെട്ടിടങ്ങൾക്ക് നികുതി നിശ്ചയിച്ചിട്ടുള്ള പക്ഷം സഞ്ചയ ഡേറ്റാ ബേസിൽ ആവശ്യമായ പരിശോധനകൾ നടത്തി ആയത് പുനർനിർണയിക്കേണ്ടതുമാണ്.

## 1-13 വസ്തു നികുതി - കുടിശ്ശിക തുക ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ മൊബൈൽ ടെലിഫോൺ ടവറുകൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ വസ്തുനികുതി സമയബന്ധിതമായി ഈടാക്കുന്നില്ലായെന്ന് നികുതി രേഖകളുടെ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | സ്ഥാപന ഉടമ | കുടിശ്ശിക കാലയളവ് / വർഷം | LC, സർവീസ് ടാക്സ് തുടങ്ങിയവ ഉൾപ്പെടെയുള്ള ആകെ നികുതി തുക |
|---|---|---|---|---|
| 1) | XI/ 418 A | റിലയൻസ് ടെലികോം ടെലികമ്മ്യൂണിക്കേഷൻ ടവർ | 2022-23 (I & II) | 14,808/- |
| 2) | IX/ 41 A | ദത്താത്രേയ ആയുർവേദ ഔഷധ നിർമ്മാണ മഠം | 2013-14 (II) – 2023-2024 (II) | 19,696/- |

സമയബന്ധിതമായി നികുതി തുക ഈടാക്കാതിരുന്നതിനു വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.09/13.11.2024), ചുവടെ ചേർക്കും പ്രകാരം മറുപടി ലഭ്യമായിട്ടുണ്ട്.
ക്രമ നം. (1) : പ്രസ്തുത ടെലികമ്മ്യൂണിക്കേഷൻ ടവറിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് കേസ് ബഹു. കോടതിയുടെ പരിഗണനയിലായതിനാൽ, അതത് വർഷത്തെ നികുതി തുക മാത്രം അടവാക്കി വരുന്നു (അരിയർ നികുതി തുക ബന്ധപ്പെട്ട കമ്പനിയുടെ നികുതി ബാധ്യതയല്ലായെന്ന കാരണത്താൽ അരിയർ തുക അടവാക്കിയിരുന്നില്ല). എന്നാൽ, സഞ്ചയ വെബ് പോർട്ടൽ പ്രകാരം, വസ്തു നികുതി അടവാക്കുമ്പോൾ കുടിശ്ശികയിലേയ്ക്ക് തുക ക്രമീകരിക്കപ്പെടുകയും, തൻ വർഷത്തെ തുക അടവാകാതിരിക്കുകയും ചെയ്യുന്നു. 2023-2024 വർഷത്തെ വസ്തു നികുതി അടവാക്കുന്നതിനായി ബന്ധപ്പെട്ട സ്ഥാപനം പഞ്ചായത്തിനെ സമീപിച്ചപ്പോൾ, വിഷയം ബഹു. കോടതിയുടെ പരിഗണനയിലായതിനാൽ, 2022-2023 വർഷത്തെ നികുതി തുക വരവ് രേഖപ്പെടുത്താതെ 'കോർട്ട് അണ്ടർ സ്റ്റേ' ആക്കുകയും, 2023-2024 വർഷത്തെ നികുതി തുക വരവ് രേഖപ്പെടുത്തിയെന്നുമുള്ള മറുപടി ലഭ്യമായിട്ടുണ്ട്. ബഹു. കോടതിയുടെ നിർദ്ദേശങ്ങൾക്ക് വിധേയമായി തുടർനടപടികൾ സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.
ക്രമ നം. (2) : പ്രസ്തുത സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നില്ലെന്നും, കെട്ടിട ഉടമയെ കണ്ടെത്താനായിട്ടില്ലെന്നും, റവന്യൂ റിക്കവറി നോട്ടിസ് സ്ഥാപനത്തിൽ പതിപ്പിച്ചിട്ടുണ്ടെന്നുമുള്ള മറുപടി ലഭ്യമായിട്ടുണ്ട്. തുടർ നടപടികൾ പൂർത്തീകരിച്ച് കുടിശ്ശിക തുക യഥാവിധി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-14 തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും നികുതി നൽകാൻ ബാധ്യതപ്പെട്ടതുമായ വിവിധ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൻവർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം, നികുതി കുടിശ്ശികയുള്ള സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ/സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ തൊഴിൽ നികുതി / സ്ഥാപന തൊഴിൽ നികുതി | അർദ്ധവർഷം |
|---|---|---|---|

| | | | |
|---|---|---|---|
| 1) | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കോരുത്തോട് ശാഖ | സ്ഥാപന തൊഴിൽ നികുതി | II |
| 2) | കോരുത്തോട് സർവീസ് സഹകരണ ബാങ്ക് | സ്ഥാപന തൊഴിൽ നികുതി | II |
| 3) | ടി. ആർ & റ്റി എസ്റ്റേറ്റ്, കുപ്പക്കയം | ജീവനക്കാരുടെ തൊഴിൽ നികുതി | I & II |
| 4) | വനിത സഹകരണ സംഘം, കോരുത്തോട് | ജീവനക്കാരുടെ തൊഴിൽ നികുതി<br>സ്ഥാപന തൊഴിൽ നികുതി | I & II |
| 5) | കുടുംബശ്രീ ഓഫിസ്, കോരുത്തോട് | ജീവനക്കാരുടെ തൊഴിൽ നികുതി | I & II |
| 6) | ഗ്രാമ പഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് | ജീവനക്കാരന്റെ തൊഴിൽ നികുതി | I & II |
| 7) | ഗ്രാമ പഞ്ചായത്ത് പ്രോജക്റ്റ് അസിസ്റ്റന്റ് | ജീവനക്കാരന്റെ തൊഴിൽ നികുതി | I & II |
| 8) | അക്ഷയ കേന്ദ്രം, മടുക്ക & കോരുത്തോട് | ജീവനക്കാരുടെ തൊഴിൽ നികുതി<br>സ്ഥാപന തൊഴിൽ നികുതി | I & II |

പ്രസ്തുത സ്ഥാപനങ്ങളിലെ, ജീവനക്കാരുടെ/സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളപക്ഷം വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/13.11.2024), നികുതി ഈടാക്കുന്നതിലേക്കായി ബന്ധപ്പെട്ട ജീവനക്കാരന്/സ്ഥാപനത്തിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന മറുപടി ലഭ്യമായിട്ടുണ്ട്. അക്രൂ ചെയ്യാത്ത വരവിനമായതിനാൽ ജീവനക്കാരുടെ തൊഴിൽനികുതി കുടിശ്ശിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ നികുതി ഈടാക്കുന്ന നടപടികൾ നിരീക്ഷിക്കുന്നതിന് സംവിധാനവുമില്ല. കുടിശ്ശിക കണക്കുകൾ കൃത്യമായി ക്രോഡീകരിച്ച് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കാലഹരണപ്പെടുന്നതിന് മുൻപ് അത് ഈടാക്കി ആവശ്യമായ രേഖപ്പെടുത്തലുകൾ പ്രസ്തുത രജിസ്റ്ററിൽ വരുത്തേണ്ടതുമാണ്.

## 1-15 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിൽ കരാർ പ്രവൃത്തികൾ ചെയ്യുന്ന വ്യക്തികളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ വിശദാംശങ്ങൾ (എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ളത്) ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാർ ഏറ്റെടുത്ത വ്യക്തിയുടെ പേര് |
|---|---|
| 1) | പ്രദീപ്. എസ് |
| 2) | വേണുക്കുട്ടൻ നായർ. പി. എൻ |
| 3) | അപ്പുക്കുട്ടൻ. പി. കെ |
| 4) | ജോൺസൺ ഫിലിപ്പ് |
| 5) | സുനിൽ. ജെ |
| 6) | മോഹനൻ. എൻ. ജി |
| 7) | യശോധരൻ ഭാസ്കരൻ |
| 8) | ആന്റണി. വി. എസ് |

പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാതിരുന്നതിനു വിശദീകരണം ആവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/13.11.2024), മറുപടി ലഭ്യമായില്ല. തുടർ വർഷങ്ങളിൽ അപാകതയുണ്ടാകാതെ ശ്രദ്ധിക്കേണ്ടതും, നികുതി നിർണയിച്ച് ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-16 IFTE & OS ലൈസൻസ് - സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നില്ല

**1)** 1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232, 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതോ ആയ സ്ഥാപനങ്ങളെ, തദ്ദേശ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ വന്നിട്ടില്ലായെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. സഞ്ചയ വെബ്പോർട്ടൽ ഡാറ്റ ബേസ് പ്രകാരം, വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഒക്യുപൻസി | കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 1) | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പ്, ഗോഡൗൺ | 479 |
| 2) | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പ്, ഗോഡൗൺ | 20 |
| 3) | 200 ച.മീ. മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ - വാണിജ്യാവശ്യം, സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 2 |
| 4) | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 6 |
| 5) | ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവ | 3 |
| | ആകെ | 510 |

സഞ്ചയ ഡാറ്റ ബേസ് പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ 510 കെട്ടിടങ്ങളെ വ്യവസായ വാണിജ്യ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ, സ്ഥാപനത്തിലെ ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം, '137' സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ, വ്യവസായ വാണിജ്യ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട എല്ലാവിധ സ്ഥാപങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരാതിരുന്നതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/13.11.2024), മറുപടി ലഭ്യമായില്ല. വസ്തു നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണവും, വ്യവസായ വാണിജ്യ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള ലൈസൻസുകളുടെ എണ്ണവും തമ്മിലുള്ള വ്യതിയാനം, നിരവധി സ്ഥാപനങ്ങൾ ലൈസൻസ് പരിധിയിൽ ഉൾപ്പെടാതെ പ്രവർത്തിക്കുന്നുണ്ടെന്നതിന്റെ തെളിവാണ്. തുടർ വർഷങ്ങളിൽ ലൈസൻസ് വരവിനത്തിൽ ഉണ്ടാകുന്ന വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഹരിതകർമസേനയുടെ സഹായത്തോടെ വ്യാപാരികളുടെ ഡേറ്റാ ബേസ് തയ്യാറാക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്. അപാകത ആവർത്തിതിരിക്കുവാൻ ധനകാര്യ, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റികളുടേതുൾപ്പെടെയുള്ള ശ്രദ്ധയും തുടർനടപടികളും ഉണ്ടാകേണ്ടതാണ്.

**2)** റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടിക പ്രകാരം ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവന്നിട്ടുള്ളതായി ബന്ധപ്പെട്ട രേഖകളിൽ നിന്നും

വ്യക്തമായിട്ടില്ല. റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.2019-ലെ (സി.എസ്) എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻകടകളേയും ട്രേഡ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/13.11.2024), മറുപടി ലഭ്യമായില്ല. റേഷൻ കടകളിൽ നിന്നും നിയമാനുസൃതമായ ലൈസൻസ് ഫീ ഈടാക്കാതെ സ്ഥാപനം പ്രവർത്തിക്കാൻ അനുവദിക്കുന്നത് ക്രമപ്രകാരമല്ല. തുടർ വർഷങ്ങളിൽ അപാകതയുണ്ടാകാതെ, ഗ്രാമ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഉൾപ്പെട്ട റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേതുൾപ്പെടെയുള്ള നിർദ്ദേശത്തോടുകൂടി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 ഗണ്യമായ തുക കറന്റ് അക്കൗണ്ടിൽ നിലനിർത്തുന്നു

ഗ്രാമപഞ്ചായത്ത്, ഓൺലൈൻ പണമിടപാടുകൾ നടത്തുന്നതിനായി, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ കോരുത്തോട് ശാഖയിൽ ഒരു കറന്റ് അക്കൗണ്ട് (അക്കൗണ്ട് നം. 67394343688) നിലനിർത്തിയിട്ടുണ്ട്. വിവിധ നികുതി നികുതിയേതര വരവുകൾ, മറ്റിനങ്ങളിലുള്ള തുകകൾ എന്നിവ ഇലക്ട്രോണിക് പേമെന്റ് മുഖേന പ്രസ്തുത അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത്. ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം, 31.08.2024 -ൽ ടി അക്കൗണ്ടിലെ നീക്കിയിരിപ്പ് 19,60,787/- രൂപയാണ്. പലിശ രഹിതവും, ബാങ്ക് ചാർജ് ഈടാക്കപ്പെടുന്നതുമായ പ്രസ്തുത അക്കൗണ്ടിൽ ദീർഘകാലം ഗണ്യമായ തുക നിലനിർത്തുന്നത് ക്രമപ്രകാരമല്ല. ആയത് ഹ്രസ്വകാല സ്ഥിരനിക്ഷേപമോ മികച്ച പലിശ ലഭിക്കുന്ന സുരക്ഷിത ബാങ്ക് നിക്ഷേപമായോ പരിവർത്തനം ചെയ്യേണ്ടതാണ്. ഈ വിഷയത്തിലെ ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനങ്ങളും തുടർനടപടികളും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 സംരക്ഷണഭിത്തിയുടെ ഫൗണ്ടേഷനുവേണ്ടി മണ്ണ് നീക്കം ചെയ്യുന്നതിന് ഉയർന്ന നിരക്ക് അനുവദിച്ചു

ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പാക്കിയ വിവിധ റോഡ് നിർമാണപ്രവൃത്തികളിൽ ഉൾപ്പെട്ട ഫൗണ്ടേഷൻ ട്രെഞ്ച് നിർമാണങ്ങൾക്ക് താരതമ്യേന കുറഞ്ഞ നിരക്കുള്ള സ്പെസിഫിക്കേഷൻ പ്രൈസിൽ (CPWD/MORD) ഉണ്ടായിരിയെക്ക ഉയർന്ന നിരക്കുള്ള സ്പെസിഫിക്കേഷൻ എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തിയതായി കാണുന്നു. റോഡിനോട് ചേർന്ന് ഓട, സംരക്ഷണഭിത്തി കലുങ്ക് എന്നിവ നിർമിക്കുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റുകളിലാണ് ഇപ്രകാരം ഉയർന്ന നിരക്കുള്ള സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തിയത്. പ്രസ്തുത പ്രവൃത്തികൾക്കായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് ഐറ്റം 11.1.1.1 ആണ്.

**11.1.1.1**:

Excavation For Structures
Earthwork In Excavation For Structures As Per Drawing And Technical Specifications Clause 305.1 Including Setting Out, Construction Of Shoring And Bracing, Removal Of Stumps And Other Deleterious Material And Disposal Upto A Lead Of 50 M, Dressing Of Sides And Bottom And Backfilling In Trenches With Excavated Suitable Material
I. Ordinary Soil
(I) Upto 3 M Depth.

താരതമ്യേന ഉയർന്ന നിരക്കുള്ള (₹769/m3) ഈ ഐറ്റത്തിന്റെ വിവരണം പരിശോധിച്ചാൽ Construction Of Shoring And Bracing, Removal Of Stumps And Other Deleterious Material And Back Filling In Trench എന്നീ പ്രവൃത്തികളെല്ലാം ഉൾപ്പെടുന്ന ഐറ്റമാണിതെന്ന് കാണാം. കേവലം ഒരു മീറ്ററിൽ താഴെ വീതിയിലും 50 Cm മുതൽ 75cm വരെ (കലുങ്കിന് 1.35 M മീറ്റർ) ആഴത്തിലും നടത്തിയ സാധാരണ മണ്ണ് നീക്കം ചെയ്യൽ പ്രവൃത്തിയ്ക്ക് ഈ ഐറ്റം ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമായിരുന്നില്ല. എന്നാൽ 2.8.1 എന്ന വളരെ കുറഞ്ഞ നിരക്കുള്ള (₹298.80. Base Rate ₹219 X 1.3644 Cost Index) സ്പെസിഫിക്കേഷൻ സമാന ആവശ്യത്തിനായി തൻവർഷം വിവിധ പ്രോജക്ടുകളിൽ തെരഞ്ഞെടുത്തിട്ടുമുണ്ട്. (ഉദാ. S144/2024അയ്യപ്പ ഭക്തർക്ക് കുളിക്കടവ് നിർമാണം).

**2.8.1**

Earth Work In Excavation By Mechanical Means (Hydraulic Excavator) /Manual Means In Foundation Trenches Or Drains (Not Exceeding 1.5 M In Width Or 10 Sqm On Plan), Of Sides And Ramming Of Bottoms, Lift Up Including Dressing Out The Excavated Soil And Of 50 M.All Kinds Of Soil To 1.5 M, Including Getting Disposal Of Surplus Excavated Soil As Directed, Within A Lead.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ ധനകാര്യവകുപ്പിന്റെ (സാങ്കേതിക പരിശോധനാ വിഭാഗം) 19.09.2016-ലെ 78/2016 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിരുന്നു. സാങ്കേതികമായി സൈറ്റിൽ ആവശ്യമില്ലാത്തതും ഉയർന്ന മൂല്യമുള്ളതുമായ ഇനങ്ങൾ ഉൾപ്പെടുത്തുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും തന്മൂലം പൊതുപണത്തിന്റെ ദുർവ്യയത്തിന് കാരണമാകുന്നുവെന്നും അതിനാൽ സ്റ്റാന്റേഡ് ഡാറ്റായിലെ ഇനങ്ങളുടെ നിരക്ക് വിശകലനം ചെയ്തും താരതമ്യം ചെയ്തും ആവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്തി വേണം എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതെന്ന് പ്രസ്തുത പരിപത്രത്തിന്റെ 6-ാം ഖണ്ഡികയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനു വിരുദ്ധമായാണ് പ്രസ്തുത പ്രവൃത്തിയിലെ മണ്ണ് നീക്കം ചെയ്യൽ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ളതെന്ന് കാണുന്നു. MORD/CPWD Specification പ്രകാരമുള്ള ഇനങ്ങൾ സൈറ്റിൽ പൂർണ്ണമായി ആവശ്യമില്ലാത്തപക്ഷം അതിനനുസൃതമായി Observed Data തയ്യാറാക്കിയാണ് എസ്റ്റിമേറ്റിൽ ഇനം ഉൾപ്പെടുത്തേണ്ടത്. പ്രസ്തുത രീതി അനുവർത്തിക്കാതെ സൈറ്റിൽ ആനിവാര്യമല്ലാതിരുന്ന ഇനങ്ങൾകൂടി ഉൾപ്പെടുന്ന Spcification തെരഞ്ഞെടുത്ത നടപടി

ക്രമപ്രകാരമുള്ളതല്ല. ഇത്തരത്തിൽ ഉയർന്ന നിരക്കുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) S152/24 മൂന്നോലി സിയോൻകുന്ന് റോഡ് ഓട നിർമാണം വാർഡ്10
2) S142/24പള്ളിപ്പടി പുളിന്താനംപടി കലുങ്ക് നിർമാണം
3)S149/24 മൂന്നോലി സിയോൻകുന്ന് റോഡ് സൈഡ് കെട്ട് വാർഡ്10

**1) S152/24 മൂന്നോലി സിയോൻകുന്ന് റോഡ് ഓട നിർമാണം വാർഡ് 10**

പ്രസ്തുത റോഡിൽ 55M മീറ്റർ നീളവും 0.6M വീതിയും 0.55M ആഴവുമുള്ള ഓട നിർമിക്കുന്നതിനാണ് പ്രോജക്ട് ആവിഷ്ക്കരിച്ചത് എസ്റ്റിമേറ്റിലെ 1-ാമത്തെ ഇനമായി ചെയ്തത് 55.2M X 1.0 M +0.75 M അളവുകളിലാണ് (അംഗീകരിച്ച അളവ് 22.297 M3) മണ്ണ് കഴിച്ചെടുത്തത്. ആയതിനുവേണ്ടി അനുവദിച്ചതും അനുവദനീയവും അധികം നൽകിയതുമായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെയ്ത അളവ് | 11.1.1.1പ്രകാരം അനുവദിച്ച നിരക്ക് | 2.8.1 പ്രകാരം അനുവദനീയമായ നിരക്ക് | അനുവദിച്ച തുക | 2.8.1 പ്രകാരം അനുവദനീയമായ തുക | അധികമായി ചെലവഴിക്കേണ്ടി വന്ന തുക+GST |
|---|---|---|---|---|---|
| 22.297M3 | 769.56/M3 | 298.8/M3 | 17146 | 6662 | 10484 +GST ₹1888 |

**2) S142/24പള്ളിപ്പടി പുളിന്താനംപടി കലുങ്ക് നിർമാണം**

പ്രസ്തുത റോഡിൽ 4.3M മീറ്റർ നീളവും 2.65വീതിയുമുള്ള കലുങ്ക് നിർമിക്കുന്നതിനാണ് പ്രോജക്ട് ആവിഷ്ക്കരിച്ചത് എസ്റ്റിമേറ്റിലെ 1-ാമത്തെ ഇനമായി ചെയ്തത് ശരാശരി 4.33M നീളത്തിലും3M വീതിയിലും 1.35 Mആഴത്തിലുമാണ് (19.115M3) മണ്ണ് കഴിച്ചെടുത്തത്. ആയതിനുവേണ്ടി അനുവദിച്ചതും അനുവദനീയവും അധികം നൽകിയതുമായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെയ്ത അളവ് | 11.1.1.1പ്രകാരം അനുവദിച്ച നിരക്ക് | 2.8.1പ്രകാരം അനുവദനീയമായ നിരക്ക് | അനുവദിച്ച തുക | 2.8.1പ്രകാരം അനുവദനീയമായ തുക | അധികമായി ചെലവഴിക്കേണ്ടി വന്ന തുക +18%GST |
|---|---|---|---|---|---|
| 19.115 M3 | 769.56/M3 | 298.8/M3 | 14710 | 5712 | 8998 +GST ₹1620 |

**3) S149/24 മൂന്നോലി സിയോൻകുന്ന് റോഡ് സൈഡ് കെട്ട് വാർഡ്10**

പ്രസ്തുത റോഡിൽ 32M മീറ്റർ നീളവും 0.72M വീതിയും 1.5M ശരാശരി ഉയരവുമുള്ള സംരക്ഷണഭിത്തി നിർമിക്കുന്നതിനാണ് പ്രോജക്ട് ആവിഷ്ക്കരിച്ചത്. എസ്റ്റിമേറ്റിലെ 1-ാമത്തെ ഇനമായി ചെയ്തത് 32.25M X .85M +0.6 M/2 X 0.5M അളവുകളിലാണ് (13.792M3) മണ്ണ് കുഴിച്ചെടുത്തത്. ആയതിനുവേണ്ടി അനുവദിച്ചതും അനുവദനീയവും അധികം നൽകിയതുമായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെയ്ത അളവ് | 11.1.1.1പ്രകാരം അനുവദിച്ച നിരക്ക് | 2.8.1പ്രകാരം അനുവദനീയമായ നിരക്ക് | അനുവദിച്ച തുക | 2.8.1പ്രകാരം അനുവദനീയമായ തുക | അധികമായി ചെലവഴിക്കേണ്ടി വന്ന തുക +GST |
|---|---|---|---|---|---|
| 13.792M3 | 769.56/M3 | 298.8/M3 | 10613.77 | 4121 | 6492 +GST ₹1169 |

മേൽപരാമർശിച്ച പ്രകാരം ഉയർന്ന നിരക്കുള്ള സ്പെസിഫിക്കേഷൻ തെരഞ്ഞെടുക്കുക വഴി അധികം തുക ചെലവഴിച്ച നടപടിക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.8/08.11.2024) നൽകിയിരുന്നു. റോഡ് നിർമാണപ്രവൃത്തികൾക്കും അനുബന്ധപ്രവൃത്തികളായ ഓട നിർമാണം, സംരക്ഷണഭിത്തിനിർമാണം, കലുങ്ക് നിർമാണം എന്നിവയ്ക്ക് MORD/MORTH സ്പെസിഫിക്കേഷനുകളും, കെട്ടിടങ്ങൾക്ക് CPWD സ്പെസിഫിക്കേഷനുകളും അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കണമെന്ന് ചീഫ് എൻജിനിയറുടെ നിർദ്ദേശമുള്ളതിനാലാണ് ഉയർന്ന നിരക്കുള്ളതെങ്കിലും MORD സ്പെസിഫിക്കേഷനുകൾ തെരഞ്ഞെടുത്തതെന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ സൈറ്റ് ഓഡിറ്റ് വേളയിൽ നിർവഹണ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് പരിശോധിച്ചിരുന്നു. വളരെ ഉറച്ച മണ്ണുള്ള (All Classes Of Soil) പ്രതലത്തിലാണ് നിർമാണപ്രവർത്തനങ്ങൾ നടന്നത് എന്നതിനാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന സ്പെസിഫിക്കേഷനിൽ പരാമർശിക്കുന്ന പ്രവൃത്തികളൊന്നും യഥാർത്ഥത്തിൽ സൈറ്റിൽ ആവശ്യമായിരുന്നില്ലായെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. സൈറ്റ് കണ്ടീഷൻ പരിഗണിച്ച് Observed Data യുടെ സാധ്യത പരിഗണിക്കാതെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിന് ഗണ്യമായ തുകകൾ നഷ്ടപ്പെടുന്നുണ്ട്. ഭാവിയിൽ പ്രസ്തുത വിഷയം ഭരണസമിതി വിലയിരുത്തേണ്ടതും ചീഫ് എൻജിനിയറിൽനിന്ന് സ്പഷ്ടീകരണം വാങ്ങി അധികച്ചെലവ് ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

**1-19 വിനിയോഗ സാക്ഷ്യപത്രം/കൈപ്പറ്റ് രസീത് ലഭ്യമാക്കിയില്ല**

2023-24 വർഷം ഡെപ്പോസിറ്റ് പ്രവൃത്തിക്കായി കെ.എസ്.ഇ.ബി. യിൽ ഒടുക്കുവരുത്തിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയില്ല. പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച നിർവ്വഹണ ഏജൻസിയുമായി കരാർ ചമച്ച രേഖകളും ഫയലിലില്ല. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടനം, പേര് | ചെലവ്, ഫണ്ട് | ബിൽ നം./BRN | തുക ലഭിച്ച സ്ഥാപനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | വിവരം | | |
| 1. | ശബരിമല തീർത്ഥാടന പാതയിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (എസ്209/2024) | 1341986/- (മറ്റുള്ളവ) | സാങ്ഷൻ ഓർഡർ നം. 227/14.12.2023 | കെ. എസ്. ഇ. ബി ഇലക്ട്രിക്കൽ സെക്ഷൻ മുണ്ടക്കയം. |
| 2. | പട്ടികജാതി കോളനിയിലേക്ക് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ വാർഡ് - 1 (എസ്13/2024) | 194343/- (വികസന ഫണ്ട് (എസ്. സി. പി.) ) | സാങ്ഷൻ ഓർഡർ നം. 207/23.11.2023 | കെ. എസ്. ഇ. ബി. ഇലക്ട്രിക്കൽ സെക്ഷൻ മുണ്ടക്കയം. |

(ഓഡിറ്റ് എൻക്വയറി – 05/08.11.2024)

മേൽ പദ്ധതി ചെലവിന്റെ വിനിയോഗ സാക്ഷ്യപത്രം/കൈപ്പറ്റ് രസീത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ടിയിനത്തിൽ ചെലവഴിച്ച ₹1536329 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 ലൈഫ് ഭവന പദ്ധതി - ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമാണം ആരംഭിച്ചിട്ടില്ല

ലൈഫ് ഭവന നിർമ്മാണപദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ.)നം.34/2018/ത.സ്വ.ഭ.വ. തീ.16.03.18 പ്രകാരം പുറപ്പെടുവിച്ചത്] ഭൂമിയുള്ള ഭവനരഹിതർ ഗ്രാമപഞ്ചായത്തുമായി കരാർ ചമച്ച് ഒന്നാം ഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസത്തിനകം വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതുണ്ട്. എന്നാൽ 2023-24 വർഷം ആദ്യ ഗഡു കൈപ്പറ്റിയ ചില ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല എന്ന് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ബോധ്യമായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ

1. 96/2024 (റ്റി.സി.പി)

2. 94/2024 (ജനറൽ)

3. 95/2024 (എസ്.സി.പി)

| ക്രമ നമ്പർ | ഗുണഭോക്താവ്, വാർഡ് | കൈപ്പറ്റിയ അഡ്വാൻസ് തീയതി | ഫണ്ടിനം |
|---|---|---|---|
| 1 | സുരേഷ് കുമാർ പി.റ്റി, പുത്തൻ പറമ്പിൽ, വാർഡ് - 10 | 40000/24.06.2023 | എസ്.സി.പി |
| 2 | അനിൽ എ. എ, ആക്കത്താഴെ, വാർഡ് - 9 | 40000/24.06.2023 | എസ്.സി.പി |
| 3 | എൻ. കറുപ്പസ്വാമി, വള്ളിപ്പറമ്പിൽ, വാർഡ് -1 | 40000/21.06.2023 | എസ്.സി.പി |
| 4 | ബിനി പി.വി, വെള്ളപ്ലാക്കൽ, വാർഡ് - 3 | 40000/20.06.2023 | റ്റി.സി.പി |
| 5 | മനോജ് എ.പി, ആനക്കല്ലിൽ, വാർഡ് - ഇല്ല | 60000/21.06.2023 | റ്റി.സി.പി |
| 6 | ഹരിദാസ് കെ. കെ, കുഞ്ഞുപ്ലാക്കൽ, വാർഡ് - ഇല്ല | 60000/28.03.2023 | റ്റി.സി.പി |
| 7 | സരോജിനി, ആര്യാട്ട് പറമ്പിൽ, വാർഡ് - 3 | 40000/11.12.2023 | ജനറൽ |
| 8 | ഹാനോക്ക്, പുതിയവീട്ടിൽ, | 40000/20.10.2023 | ജനറൽ |

| | | | |
|---|---|---|---|
| | വാർഡ് - 1 | | |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ പുരോഗതി വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.07/08.11.2024) വീട് പണിയുടെ തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കാം എന്ന മറുപടി ലഭ്യമാക്കി. കരാർ ചമച്ച് ഒന്നാം ഗഡു കൈപ്പറ്റി 6 മാസം കഴിഞ്ഞിട്ടും വീട് പണി ആരംഭിക്കാത്ത സാഹചര്യം ഭരണസമിതിതലത്തിൽ വിലയിരുത്തേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-21 ലൈഫ് ഭവന പദ്ധതി - തുക അധികം അനുവദിച്ചു.

ലൈഫ് ഭവന പദ്ധതിയുടെ 2023-24 സാമ്പത്തികവർഷത്തെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താവിന് തുക അധികം അനുവദിച്ചുവെന്ന് വ്യക്തമായിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര് | പദ്ധതിയുടെ പേര് | ഭവന നിർമ്മാണത്തിനായി അനുവദിച്ച തുക | ബിൽ നം. തീയതി |
|---|---|---|---|
| സുശീല പ്രതാപൻ, മുള്ളൂശ്ശേരിൽ, പുഞ്ചവയൽ | SO186/2024 ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | 40000 ( ഹഡ്കോ വായ്പ) | 25.07.2022 ബിൽ നമ്പർ ലഭ്യമല്ല |
| | | 100000 (പ്ലാൻ ഫണ്ട്) | 967117/ 28.12.2022 |
| | | 60000 (പ്ലാൻ ഫണ്ട്) | 179791/ 07.02.2023 |
| | | 160000 (പ്ലാൻ ഫണ്ട്) | 618013/ 07.10.2022 |
| | | 50000 (സ്റ്റേറ്റ് ഷെയർ) | ബിൽ നമ്പർ ലഭ്യമല്ല /21.06.2023 |
| ആകെ അനുവദിച്ച തുക | | 410000/- | |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ലൈഫ് ഭവന പദ്ധതിക്കായി പരമാവധി 400,000/- രൂപ വരെയാണ് ധനസഹായമായി അനുവദിക്കാവുന്നത്. മേൽപരാമർശിത വ്യക്തിക്ക് ₹410000 അനുവദിച്ചതിന് വിശദീകരണം ആരാഞ്ഞിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം. 03/07.11.2024) അധികമായി അനുവദിച്ച ₹10000 ഗുണഭോക്താവിൽനിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ വി.ഇ.ഒ-രാജൻകുട്ടി എൻ ജി എന്ന ഉദ്യോഗസ്ഥനിൽനിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-22 ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃ രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ

ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് കൈമാറുന്ന ധനസഹായത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിന്റെയും അനുബന്ധരേഖകളുടെയും സൂക്ഷിപ്പിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ.(കൈ.) നം.34/2018/ത.സ്വ.ഭ.വ. തീ.16.03.18 പ്രകാരമുള്ള കരാർ പത്രം ഗുണഭോക്താവ് ഹാജരാക്കിയിട്ടുണ്ടെങ്കിലും രണ്ടാം കക്ഷി ഒപ്പിട്ട് കരാർ സാധുവാക്കിയിട്ടില്ല.

2.ഓരോ ഘട്ടത്തിലെയും നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ച് ഗുണഭോക്താവിന് തുക കൈമാറുന്നവേളയിൽ അനുവദിച്ച തുകയുടെ ബിൽ നമ്പർ/ചെക്ക് നമ്പർ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

3. ഗുണഭോക്താവിന് അനുവദിച്ച തുക പൂർണ്ണമായും രേഖപ്പെടുത്താത്തതായ സന്ദർഭങ്ങളും ശ്രദ്ധയിൽപ്പെട്ടു. ഉദാ. ഭവന നിർമ്മാണം പുരോഗമിക്കുന്ന ശ്രീമതി. കുഞ്ഞുമോൾ തങ്കൻ, മൈലാടിയിൽ, (എസ്.സി.പി - അഡീഷണൽ) എന്ന വ്യക്തിക്ക് 2022-23 സാമ്പത്തിക വർഷം ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതമായ ₹100000/- രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3. വികസന ഫണ്ട്, സംസ്ഥാനാവൃഷ്കൃത ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ഗ്രാമപഞ്ചായത്ത് വിഹിതം എന്നീ ഇനങ്ങളിൽ 2023-24 സാമ്പത്തികവർഷം ഗുണഭോക്താക്കൾക്ക് അനുവദിച്ച തുകയുടെ ബില്ലിൽ ഗുണഭോക്താക്കളുടെ രജിസ്റ്റർ നം., പേജ് നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
അപാകതകളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.07/08.11.2024) അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കുന്നതാണ് എന്ന് വി. ഇ. ഓ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
2023-24 സാമ്പത്തികവർഷം ആരംഭിച്ച എസ് 96/2024 (റ്റി.സി.പി), എസ് 94/2024 (ജനറൽ), എസ് 95/2024 (എസ്.സി.പി) എന്നീ ഭവന പ്രോജക്ടുകളുടെ ഗുണഭോക്താക്കളുടെ രജിസ്റ്ററിലും മേൽ പ്രസ്താവിച്ച വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-23 മരണപ്പെട്ടവരുടെ പെൻഷൻ റദ്ദാക്കാൻ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നില്ല

1. കോരുത്തോട് ഗ്രാമ പഞ്ചായത്ത് പരിധിയിൽ മരണപ്പെടുകയും സേവന പെൻഷൻ സ്റ്റാറ്റസിൽ നിലവിലും മരണപ്പെട്ടു എന്ന് രേഖപ്പെടുത്തി തുടർന്നുള്ള പെൻഷൻ റദ്ദു ചെയ്യാത്തതുമായ സാഹചര്യങ്ങൾ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| നം. | പെൻഷണറുടെ പേര് | പെൻഷൻ നൽകുന്ന സ്ഥാപനം | മരണപ്പെട്ട തീയതി | അക്കൗണ്ട് സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | തങ്കപ്പൻ | ക്ഷേമനിധി ബോർഡ് | 06.01.2024 | ആക്ടീവ് |
| 2 | കുഞ്ഞുമോൻ | ക്ഷേമനിധി ബോർഡ് | 28.01.2024 | ആക്ടീവ് |
| 3 | മോഹനൻ | ക്ഷേമനിധി ബോർഡ് | 05.06.2024 | ആക്ടീവ് |
| 4 | ജോസഫ് | ക്ഷേമനിധി ബോർഡ് | 05.07.2024 | ആക്ടീവ് |
| 5 | ദിവാകരൻ | ക്ഷേമനിധി ബോർഡ് | 09.07.2024 | ആക്ടീവ് |

ധനകാര്യ വകുപ്പിന്റെ 02.08.2021 ലെ നം.63/2021 സർക്കുലർ പ്രകാരം എല്ലാ പ്രാദേശിക സർക്കാർ പരിധിക്കുള്ളിലും മരണപ്പെടുന്നവരുടെ വിവരങ്ങൾ 3 മാസത്തിലൊരിക്കൽ ധനകാര്യ (എസ്.എഫ്.സി.-ബി) വകുപ്പിൽ അറിയിക്കേണ്ടതാണ്. പ്രസ്തുത നടപടിയിലൂടെ ഗുണഭോക്താളുടെ മരണശേഷം പെൻഷൻ റദ്ദാക്കപ്പെടുന്നതിനും, അനർഹമായി പെൻഷൻ നൽകപ്പെടുന്നത് വഴിയുള്ള ധനനഷ്ടം സർക്കാരിന് ഒഴിവാക്കുന്നതിനും സാധിക്കുന്നതാണ്.

2.കോരുത്തോട് പഞ്ചായത്തിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നവർക്കും മരണപ്പെട്ടശേഷം, സേവന വെബ്സൈറ്റിൽ പെൻഷണർ "മരിച്ചു" എന്ന് രേഖപ്പെടുത്തി പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡ് ചെയ്യുന്നില്ല എന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

| നം. | പേര് | പെൻഷൻ നൽകുന്ന സ്ഥാപനം | മരണപ്പെട്ട തീയതി | നിലവിലെ പെൻഷൻ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | ബാബു | കോരുത്തോട് ഗ്രാമ പഞ്ചായത്ത് | 21.05.2024 | മസ്റ്ററിംഗ് ചെയ്യാത്തതിനാൽ പെൻഷൻ തടഞ്ഞുവച്ചിരിക്കുന്നു. |
| 2 | രാജമ്മ | കോരുത്തോട് ഗ്രാമ പഞ്ചായത്ത് | 03.05.2024 | |
| 3 | ചാക്കോ | കോരുത്തോട് ഗ്രാമ പഞ്ചായത്ത് | 06.05.2024 | |

മേൽ അപാകതകളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.06/08.11.2024) സർക്കുലർ നിർദേശം പാലിച്ച് കൊണ്ട് തുടർ നടപടി സ്വീകരിക്കാം എന്ന മറുപടി ലഭ്യമാക്കി.
ഗ്രാമപഞ്ചായത്ത് പരിധിയിൽ മരണപ്പെടുന്നവരുടെ വിവരം ധനകാര്യ (എസ്.എഫ്.സി.-ബി) വകുപ്പിനെ അതത് സമയം അറിയിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സാമൂഹ്യ സുരക്ഷാപെൻഷൻ കൈപ്പറ്റുന്നവർ മരിച്ചാൽ ആയത് സേവന പെൻഷൻ വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചു

കോരുത്തോട് ഗ്രാമപഞ്ചായത്തിലെ ഏതാനും മരണ രജിസ്ട്രേഷൻ രേഖകൾ സേവന പെൻഷൻ സൈറ്റിലെ വിവരങ്ങൾ ആസ്പദമാക്കി പരിശോധിച്ചതിൽ (04/2024, 05/2024 എന്നീ കാലയളവിൽ മരണപ്പെട്ടവരുടെ മാത്രം വിവരങ്ങൾ) രണ്ട് ഗുണഭോക്താക്കൾക്ക് മരണ ശേഷവും പെൻഷൻ നൽകിയതായി ബോധ്യപ്പെട്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പേര് | പെൻഷൻ നൽകുന്ന സ്ഥാപനം | മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ നൽകിയ കാലയളവ് / തുക | നിലവിലെ പെൻഷൻ സ്റ്റാറ്റസ് |
|---|---|---|---|---|
| ശാന്തമ്മ ജോസ് | കോരുത്തോട് ഗ്രാമ പഞ്ചായത്ത് | 01.04.2024 | 05/2024 1600/- | മസ്റ്ററിംഗ് ചെയ്യാത്തതിനാൽ പെൻഷൻ തടഞ്ഞുവച്ചിരിക്കുന്നു. |

മരണശേഷം അനുവദിച്ച തുക തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു എന്ന് ഓഡിറ്റ് എൻക്വയറിക്ക് (06/08.11.2024) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 അസി.എൻജിനിയർ നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾ-ആസൂത്രണം ചെയ്തവ 76, നടപ്പാക്കിയത് 17

അസി.എൻജിനിയർ മുഖേന നടപ്പാക്കുന്നതിന് തൻവർഷം 76 പ്രോജക്ടുകൾ ആസൂത്രണം ചെയ്യുകയും അവയ്ക്ക് വിവിധ തലങ്ങളിൽനിന്ന് അംഗീകാരം ലഭിക്കുകയും ചെയ്തിരുന്നു. ഇവയിൽ 36 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്. പ്രോജക്ട് നിർവഹണ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ആസൂത്രണം ചെയ്തവ | പൂർണമായോ ഭാഗികമായോ നടപ്പാക്കിയവ | ഒഴിവാക്കിയവ | നടപ്പാക്കിയവയുടെ ശതമാനം |
|---|---|---|---|---|
| പുതിയ പ്രോജക്ടുകൾ | 40 | 03 | 37 | 7.5 |
| | | | | |
| സ്പീൽ ഓവർ | 36 | 14 | 22 | 38.8 |
| ആകെ | 76 | 17 | 59 | 22.36 |

തൻവർഷം ആസൂത്രണം ചെയ്തവയിൽ നാലിലൊന്നു പോലും നടപ്പാക്കാൻ കഴിഞ്ഞില്ലായെന്നത് പദ്ധതി നിർവഹണത്തിലെ പരാജയമായാണ് വിലയിരുത്താൻ കഴിയുക. സ്പിൽ ഓവറായി ഉൾപ്പെടുത്തിയവയിൽ പാതിയും നടപ്പാക്കാതിരുന്നത് അവ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതിന്റെ സാംഗത്യം തന്നെ ചോദ്യം ചെയ്യുന്നതാണ്. ഇത്തരത്തിലുള്ള പദ്ധതി ആസൂത്രണം പ്രോജക്ടുകളുടെ എണ്ണം പെരുപ്പിച്ചു കാട്ടുന്നതിനുമാത്രമാണ് ഉപകരിക്കപ്പെടുന്നത്. നാമമാത്രമായ ഫണ്ടാണ് ഓരോ പ്രോജക്ടിനും വകയിരുത്തപ്പെടുന്നത് എന്നതിനാൽ നടപ്പാക്കുന്നവപോലും യഥാർത്ഥ ലക്ഷ്യം കൈവരിയ്ക്കാൻ അനേകം വാർഷിക പദ്ധതികളിലൂടെ കടന്നുപോകേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്.

അസി. എൻജിനിയർ പ്രോജക്ട് നടപ്പാക്കാത്ത വിഷയം മുൻവർഷങ്ങളിലെ പല ഓഡിറ്റ് റിപ്പോർട്ടുകളിലും പരാമർശ വിധേയമായിട്ടും പരിഹാര നടപടി ഉണ്ടാകാത്തത് ഗൗരവം അർഹിക്കുന്ന വിഷയമാണ്. കഴിഞ്ഞ അഞ്ചു വാർഷിക പദ്ധതികളിൽ അസി. എൻജിനിയർ നിർവഹണ ഉദ്യോഗസ്ഥനായിരുന്ന പ്രോജക്ടുകളുടെ സ്ഥിതിവിവരക്കണക്കുകൾ ചുവടെ ചേർക്കുന്നു. (സുലേഖാ പദ്ധതിചെലവു പത്രിക പ്രകാരമുള്ളത്)

| സാമ്പത്തികവർഷം | ആസൂത്രണം ചെയ്തവ | നടപ്പാക്കിയവ | ഒഴിവാക്കിയവ | നടപ്പാക്കിയവയുടെ ശതമാനം |
|---|---|---|---|---|
| 2019-20 | 93 | 38 | 55 | 38 |
| 2020-21 | 85 | 63 | 22 | 61 |
| 2021-22 | 49 | 36 | 13 | 73 |
| 2022-23 | 71 | 40 | 31 | 41 |
| 2023-24 | 76 | 17 | 59 | 22 |

2021-22-ലൊഴികെ ഒരു വർഷവും മികച്ച രീതിയിൽ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കാൻ കഴിഞ്ഞില്ലായെന്ന വസ്തുത പട്ടികയിലെ കണക്കുകളിൽനിന്ന് വ്യക്തമാണ്.. പദ്ധതി നിർവഹണത്തിലെ സങ്കീർണത ഭരണസമിതി, വികസന സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവർ സമഗ്രമമായി വിലയിരുത്തേണ്ടതും ആവശ്യമായ പരിഹാര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-26 ഇ-ടെൻഡർ ഫോം വില ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല

അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഗ്രാമപഞ്ചായത്ത് അസി. എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി വാർഷിക പദ്ധതിയിൽ നടപ്പാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വില ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ കോട്ടയം ജില്ലാ പഞ്ചായത്ത് ഡിവിഷൻ എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കി വന്നിരുന്നത്. 2017-18 മുതൽ തൻവർഷം വരെ ₹197204/-ടെൻഡർ ഫോം വിലയിനത്തിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത രീതിയ്ക്കു ഭേദഗതി വരുത്തി അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാരുടെ പേരിൽ ഒരു അക്കൗണ്ട് ആരംഭിച്ച് ടെൻഡർ ഫീസുകൾ പ്രസ്തുത അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാനും തുടർന്ന് അത് യഥാകാലം ഗ്രാമപഞ്ചായത്തിന് കൈമാറി നൽകാനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 02.10.2017-ലെ ജി.ഒ(എം.എസ്) 3186/2017 നമ്പർ ഉത്തരവിലൂടെ സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. അസി. എഞ്ചിനീയറുടെ പേരിൽ അത്തരമൊരു അക്കൗണ്ട് നിലവിലുണ്ടെങ്കിലും ടെൻഡർ ഫീസ് ഒടുക്കൽ നടപടിക്രമം പുതിയ രീതിയിലേക്ക് മാറിയിട്ടില്ല. നടപ്പു സാമ്പത്തികവർഷം മുതൽ ഈയിനത്തിലെ ഇടപാടുകൾ പ്രസ്തുത

അക്കൗണ്ട് മുഖേന നടത്താനും നീക്കിബാക്കി യഥാസമയം ഗ്രാമപഞ്ചായത്തിന് കൈമാറാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-27 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ- അവലോകനം**

നവകേരള നിർമാണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനം ഏറ്റെടുത്തിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങളായ പാർപ്പിടം, കുടിവെള്ളം, മാലിന്യ സംസ്ക്കരണം, പൊതുജനാരോഗ്യം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ ഗ്രാമപഞ്ചായത്ത് വിവിധ പ്രോജക്ടുകളിലൂടെ ശ്രദ്ധേയമായ നേട്ടങ്ങൾ ഇതിനോടകം കൈവരിച്ചിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്ക്കരണം. മുൻകാലങ്ങളിൽ നിരത്തുകൾ വൃത്തിയാക്കുന്നതിൽ മാത്രം ഒതുങ്ങി നിന്നിരുന്ന മാലിന്യ സംസ്ക്കരണ നടപടികൾ നിലവിൽ അവയുടെ ഉറവിടങ്ങളിലേക്ക് എത്തി ശാസ്ത്രീയമായി സംസ്ക്കരിച്ച് പരിസ്ഥിതിയ്ക്ക് അനുയോജ്യമായ രീതിയിൽ പരിപാലിയ്ക്കുന്ന നിലയിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന മുദ്രാവാക്യം ജനങ്ങളിൽ മാലിന്യ സംസ്ക്കരണത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്നതിൽ ഏറെ സഹായകരമായിട്ടുണ്ട്. ഈ ചുമതലകൾ നിറവേറ്റിക്കൊണ്ട് മാലിന്യമുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിത കേരള മിഷനിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ശുചിത്വ-മാലിന്യ സംസ്ക്കരണ കർമ്മ പരിപാടിക്ക് സ.ഉ(കൈ)നം. 159/2016/ തസ്വഭവ തീയതി 06.11.2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള നാല് വികസന മിഷനുകളിൽ ഉൾപ്പെടുന്നതാണ് ഹരിതകേരളം മിഷൻ. ഹരിതകേരളം മിഷന്റെ ഉപദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വ മാലിന്യ സംസ്കരണം. ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നുള്ളതാണ് ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചു കൊണ്ട് 15.07.2017ലെ സ.ഉ(സാധാ) 2420/2017/തസ്വഭവ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണം, അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യൽ, അതിനൊക്കെ സഹായകമായ പൊതുജന സൗഹൃദ ആസ്തികളുടെ നിർമ്മാണം എന്നിവ വഴി കേരളം രാജ്യത്തിന് മാതൃകയാകത്തക്ക വിധത്തിൽ മാലിന്യമുക്തമാക്കുക എന്നുള്ളതാണ് പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിലൂടെ ലക്ഷ്യമിടുന്നത്. അതു പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മ സേന.

ഹരിത കർമ്മസേനയുടെ വിശദമായ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ചു കൊണ്ട് 12.08.2020ലെ സ.ഉ(സാധാ) നം. 1496/2020/തസ്വഭവ നമ്പരായി സർക്കാർ തുടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹരിത കർമ്മസേന രൂപീകരണം, ഹരിതസേനാംഗങ്ങളുടെ തെരഞ്ഞെടുപ്പ്, പരിശീലനം, മാലിന്യ ശേഖരണം, സംഘടനാ സംവിധാനം, സംരംഭ പ്രവർത്തനം, കൺസോർഷ്യം രൂപീകരണം, സാമ്പത്തിക സ്രോതസ്സ്, അക്കൗണ്ടുകൾ/യൂസർഫീ കൈകാര്യം ചെയ്യുന്ന രീതി, കോർപ്പസ് ഫണ്ട്, മറ്റു വരുമാന മാർഗ്ഗങ്ങൾ, ഓഫീസ് സംവിധാനം, കണക്കെഴുത്ത്, ഓഡിറ്റ്, തൊഴിൽ മാന്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ, പരാതി പരിഹാരം, ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ചുമതലകൾ എന്നിവയെക്കുറിച്ചെല്ലാം പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പതിമൂന്ന് വാർഡുകൾ ഉൾക്കൊള്ളുന്നതാണ് കോരുത്തോട് ഗ്രാമപഞ്ചായത്ത്. ജനസംഖ്യ 16413 ആണ്. 13 വാർഡുകളിലേക്കായി 13 ഹരിതകർമ്മസേനാംഗങ്ങൾ മാലിന്യ സംസ്കരണത്തിൽ പങ്കാളികളാകുന്നു.

**മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ള അടിസ്ഥാന സംവിധാനങ്ങൾ**

1. എം. സി. എഫ്. കൂടാതെ പതിമൂന്ന് വാർഡിലേക്കും ഓരോ മിനി എം സി എഫുകൾ കൂടി സ്ഥാപിച്ചിട്ടുണ്ട്.
2. ഖരമാലിന്യ പരിപാലനത്തിനായി പഞ്ചായത്തിന് സ്വന്തമായി വാഹനം ഇല്ല.

**ഹരിതകർമ്മസേനയുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കിയ പ്രൊജക്റ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.**

| ക്രമ നം. | വർഷം | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 2020-21 | 263/20-21 ഹരിതകർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകലും അനുബന്ധ പ്രവർത്തനങ്ങളും | 62500 |
| 2 | 2022-23 | 235/22-23 ഹരിതകർമ്മസേന അനുബന്ധ | 17850 |

| | | | |
|---|---|---|---|
| | | പ്രവർത്തനങ്ങളും വാഹന വാടക നൽകലും | |
| 3 | 2023-24 | 205/23-24 ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം | 148900 |
| 4 | 2024-25 | 105/24-25 ഹരിത കർമ്മ സേന വാഹന വാടക നൽകലും അനുബന്ധ പ്രവർത്തനങ്ങളും | 10300 |

**ഹരിത കർമ സേന പ്രവർത്തനങ്ങൾ**

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.08.2020ലെ ജി.ഒ.(ആർ.ടി.)1496/2020 നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ ഹരിത കർമ സേനയുടെ പ്രവർത്തനങ്ങൾ മാലിന്യ സംസ്ക്കരണ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. ആകെ 13 സേനാംഗങ്ങളാണ് നിലവിലുള്ളത്. വീടുകളിൽനിന്നും 50/-രൂപ, സ്ഥാപനങ്ങളിൽ നിന്നും 100/-രൂപ എന്ന നിരക്കിൽ യൂസർ ഫീ ഈടാക്കി വീടുകളിൽ നിന്നും, വ്യാപാര സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ (പ്ലാസ്റ്റിക്, കുപ്പിച്ചില്ല്, റബ്ബർ ഉത്പന്നങ്ങൾ മുതലായവ) ശേഖരിച്ച് പ്രാഥമികമായി മിനി എം.സി.എഫ്.-കളിൽ സൂക്ഷിച്ച്, ശേഷം മെയിൻ എം.സി.എഫ്-ൽ എത്തിച്ച് തരം തിരിക്കുന്നു. തുടർന്ന് മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുന്നു.

**മാലിന്യങ്ങൾ വലിച്ചെറിയുന്നത് നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ വിൽപ്പന തടയുന്നതിനായി പഞ്ചായത്ത് തല എൻഫോഴ്സ്മെന്റ് സ്ക്വാഡ് പരിശോധന നടത്തുന്നുണ്ട്. മുഴുവൻ വ്യാപാര സ്ഥാപനങ്ങൾക്കും ഇത് സംബന്ധിച്ച നോട്ടീസ് നൽകുകയും വ്യാപാരികളിൽ നിന്നും ഇത് സംബന്ധിച്ച സത്യപ്രസ്താവന വാങ്ങുന്നുമുണ്ട്. പ്ലാസ്റ്റിക് കത്തിക്കൽ, മാലിന്യം അലക്ഷ്യമായി വലിച്ചെറിയൽ എന്നിവക്കെതിരെയുള്ള നടപടിയുടെ ഭാഗമായി ജോസഫ് തോമസ് മൂലേച്ചാലിൽ എന്നയാളിൽ നിന്നും 19.08.24 തീയതിയിൽ 5000/- രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

**തൊഴിൽ സൃഷ്ടിക്കൽ**

13 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേനയാണ് ഗ്രാമപഞ്ചായത്തിനുള്ളത്. എല്ലാ മാസവും 1 മുതൽ 16 വരെയുള്ള തീയതികളിൽ മാലിന്യ ശേഖരണവും, ശേഷിക്കുന്ന ദിനങ്ങളിൽ മാലിന്യം തരം തിരിക്കുന്ന ജോലിയിലും അംഗങ്ങൾ ഏർപ്പെടുന്നു. ഹരിത കർമ സേനയുടെ പ്രവർത്തനങ്ങളും സാമ്പത്തിക ഇടപാടുകളും നിയന്ത്രിക്കുന്നതിനുമായി ഹരിത കർമ കൺസോർഷ്യം നിലവിലുണ്ട്. ഇതിനായി കോരുത്തോട് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ 1446 നമ്പർ അക്കൗണ്ട് തുടങ്ങുകയും അതിലൂടെ ഇടപാടുകൾ നടത്തുകയും ചെയ്യുന്നു. യൂസർ ഫീ ആയി ലഭിക്കുന്നതിൽ പത്ത് ശതമാനം കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾക്കായി നീക്കിവെച്ച ശേഷമുള്ള തുക സേനാംഗങ്ങളുടെ ശമ്പളത്തിനായി വിനിയോഗിക്കുന്നു. ഓരോ സേനാംഗത്തിനും നിലവിൽ ശരാശരി 12500 രൂപയോ അതിനടുത്തോ ഉള്ള തുക വരുമാനമായി ലഭിക്കുന്നു. അംഗങ്ങളുടെ വരുമാന വർദ്ധനവിനായി ജൈവമാലിന്യസംസ്കരണ/ജൈവവള നിർമ്മാണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടില്ല.

**അടിസ്ഥാന സൗകര്യങ്ങൾ**

ശുചീകരണമേഖലയിൽ വിനിയോഗിക്കാൻ വാഹനം പഞ്ചായത്തിൽ നിലവിലില്ല.

**പരിശീലനവും വികസനവും**

ഹരിതകർമ്മസേന അംഗങ്ങൾക്ക് അജൈവ പാഴ് വസ്തുക്കൾ തരംതിരിക്കൽ, ഹരിതമിത്രം ആപ് ഉപയോഗിക്കൽ എന്നിവയിൽ പരിശീലനം നൽകിയിട്ടുണ്ട്. എന്നാൽ യൂസർ ഫീ മുഖേനെയുള്ള വരവുകൾ കൃത്യമായി കൈകാര്യം ചെയ്യുന്നതിന് പരിശീലനം നൽകിയിട്ടില്ല.

**സാമ്പത്തിക കാര്യങ്ങളിലെ അപാകതകൾ**

യൂസർ ഫീ കൈകാര്യം ചെയ്യുന്നതിൽ കൃത്യമായ പരിശീലനം സേനാംഗങ്ങൾക്ക് നൽകിയിട്ടില്ല. ഓരോ മാസം കൂടുമ്പോളും മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് സംബന്ധിച്ച വിവരങ്ങൾ ക്യാഷ് ബുക്ക് സൂക്ഷിച്ച് ആയതിൽ രേഖപ്പെടുത്തേണ്ടതാണ്. യൂസർ ഫീ ആയി പിരിക്കുന്ന തുകകൾ യഥാസമയം ബാങ്കിൽ നിക്ഷേപിക്കേണ്ടതും എല്ലാ മാസവും നിയന്ത്രണ അധികാരി വരവ് ചെലവുകൾ നിരീക്ഷിക്കേണ്ടതുമാണ്.

**മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ**

മാലിന്യം തരം തിരിക്കുന്നവേളയിൽ സേനാംഗങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഗ്ലൗസ്, മാസ്ക്, ബൂട്ട് എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ ആവശ്യമായ മുൻകരുതൽ സ്വീകരിക്കുവാൻ പരിശീലനവും നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്തമാക്കാൻ ഹരിതകർമ്മസേനയുടെ പ്രവർത്തനം വലിയ സഹായമാണ്. ഇതുമൂലം നിരവധികുടുംബങ്ങൾക്ക് താരതമ്യേന കുറഞ്ഞ നിരക്കിലെങ്കിലും ഒരു സാമ്പത്തിക നേട്ടം ഉണ്ടാക്കാനായിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനം ഗ്രാമീണ മേഖലയെ ഒരുപരിധിവരെ മാലിന്യമുക്തമാക്കുന്നതിനും ശുചിത്വത്തിന്റെ പ്രാധാന്യം പൊതുജനശ്രദ്ധയിൽ കൊണ്ടുവരുന്നതിനും സാധിക്കുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഗ്രാമപഞ്ചായത്തിലെ എല്ലാ പൗരൻമാരും മാലിന്യസംസ്കരണത്തിൽ പങ്കാളികളായെങ്കിൽ മാത്രമേ

പദ്ധതികളിലൂടെ പ്രതീക്ഷിക്കുന്ന ലക്ഷ്യം നേടാൻ സാധിക്കുകയുള്ളു. അലക്ഷ്യമായി മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നവർക്കെതിരെയുള്ള ശിക്ഷണനടപടികൾ കാര്യക്ഷമമാക്കാൻ ഹരിതകർമ്മസേനയെ കൂടുതൽ സജ്ജരാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**ഹരിത കർമസേനാപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള പ്രധാന ശുപാർശകൾ**

• യൂസർഫീ കളക്ഷൻ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനാവിഷ്ക്കരിച്ച പദ്ധതി പ്രവൃത്തി പഥത്തിലെത്തിക്കാൻ അടിയന്തിര ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.
• പ്രവർത്തന കലണ്ടർ അനുസരിച്ച് വിവിധ മാലിന്യങ്ങളുടെ ശേഖരണം കർശനമാക്കി ഗാർഹിക-വാണിജ്യ സ്ഥാപനങ്ങളിൽ അവ കെട്ടിക്കിടക്കുന്നത് ഒഴിവാക്കാവുന്നതാണ്.
• പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.
• ഹരിത കർമസേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യം, നിശ്ചിത കാലയളവിൽ സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പു വരുത്താവുന്നതാണ്.
• വിവാഹ സത്ക്കാരങ്ങൾ, ഉത്സവാഘോഷങ്ങൾ എന്നിവയിൽ ഹരിത പെരുമാറ്റ ചട്ടം (Green Protocol) പാലിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ ഹരിതകർമ സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.
• ഹരിതകർമസേനാംഗങ്ങളുടെ തൊഴിൽമാന്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ടതാണ്.
• ഹരിത കർമസേനാംഗങ്ങൾക്കിടയിലുള്ള പരാതികൾ പരിഹരിക്കുന്നതിന് ഒരു പരാതി പരിഹാര സമിതി രൂപീകരിക്കാവുന്നതാണ്.
• ഹരിതകർമസേനാ പ്രവർത്തനങ്ങൾക്ക് ഈടാക്കുന്ന യൂസർഫീസ് ഒടുക്കാൻ വിസമ്മതിക്കുന്നവർക്ക് ബോധവത്കരണ പരിപാടി തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സ്വീകരിക്കാവുന്നതാണ്.
• ഹരിതകർമസേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.
• സാമ്പത്തിക കൈകാര്യ വിഷയങ്ങളിൽ കൂടുതൽ പരിശീലനങ്ങൾ നൽകാവുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ലൈഫ് ഭവന പദ്ധതി - തുക അധികം അനുവദിച്ചു.

ലൈഫ് ഭവന പദ്ധതിയുടെ 2023-24 സാമ്പത്തികവർഷത്തെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താവിന് തുക അധികം അനുവദിച്ചുവെന്ന് വ്യക്തമായിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര് | പദ്ധതിയുടെ പേര് | ഭവന നിർമ്മാണത്തിനായി അനുവദിച്ച തുക | ബിൽ നം. തീയതി |
|---|---|---|---|
| സുശീല പ്രതാപൻ, മുള്ളൂശ്ശേരിൽ, പുഞ്ചവയൽ | SO186/2024 ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | 40000 ( ഹഡ്കോ വായ്പ) | 25.07.2022 ബിൽ നമ്പർ ലഭ്യമല്ല |
| | | 100000 (പ്ലാൻ ഫണ്ട്) | 967117/ 28.12.2022 |
| | | 60000 (പ്ലാൻ ഫണ്ട്) | 179791/ 07.02.2023 |
| | | 160000 (പ്ലാൻ ഫണ്ട്) | 618013/ 07.10.2022 |
| | | 50000 (സ്റ്റേറ്റ് ഷെയർ) | ബിൽ നമ്പർ ലഭ്യമല്ല /21.06.2023 |
| ആകെ അനുവദിച്ച തുക | | 410000/- | |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ലൈഫ് ഭവന പദ്ധതിക്കായി പരമാവധി 400,000/- രൂപ വരെയാണ് ധനസഹായമായി അനുവദിക്കാവുന്നത്. മേൽപരാമർശിത വ്യക്തിക്ക് ₹410000

അനുവദിച്ചതിന് വിശദീകരണം ആരാഞ്ഞിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം. 03/07.11.2024) അധികമായി അനുവദിച്ച ₹10000 ഗുണഭോക്താവിൽനിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ വി.ഇ.ഒ-രാജൻകുട്ടി എൻ ജി എന്ന ഉദ്യോഗസ്ഥനിൽനിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2023-24 | 29.06.2024 | 06.11.2024 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്റ്റുകളുടെ ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷത്തെ, സംയുക്ത പ്രൊജക്റ്റുകളുടെ ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് (നം.) | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| **ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി** | 2023-24 | 1,50,000/- | ലൈഫ് ഭവന പദ്ധതി (94/24) | 1,50,000/- | 0 |
| | 2023-24 | 7,20,000/- | ലൈഫ് ഭവന പദ്ധതി (SCSP) (186/24) | 7,20,000/- | 0 |
| | 2023-24 | 11,00,000/- | ലൈഫ് ഭവന പദ്ധതി (180/24) | 11,00,000/ | 0 |
| | 2023-24 | 1,79,005/- | സാന്ത്വന ചികിത്സാപദ്ധതി (101/24) | 1,79,005/- | 0 |
| | 2023-24 | 2,00,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ സ്കോളർഷിപ്പ് (41/24) | 2,00,000/- | 0 |
| | 2023-24 | 1,00,000/- | ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് (15/24) | 1,00,000/- | 0 |
| | 2023-24 | 9,90,000/- | ലൈഫ് ഭവന പദ്ധതി (SCSP) (95/24) | 9,90,000/- | 0 |
| | 2023-24 | 65,084/- | അങ്കണവാടികളിൽ പോഷകാഹാര വിതരണം (39/24) | 65,084/- | 0 |
| | **ആകെ** | **35,04,089/-** | **ആകെ** | **35,04,089/-** | **0** |
| **ജില്ലാ പഞ്ചായത്ത്, കോട്ടയം** | 2023-24 | 4,20,000/- | ലൈഫ് ഭവന പദ്ധതി (TSP) (96/24) | 4,20,000/- | 0 |
| | 2023-24 | 10,00,000/- | ലൈഫ് ഭവന പദ്ധതി (SCSP) (95/24) | 10,00,000/- | 0 |

| | | | | | |
|---|---|---|---|---|---|
| | 2023-24 | 62,450/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ സ്കോളർഷിപ്പ് (41/24) | 62,450/- | 0 |
| | 2023-24 | 5,02,000/- | ലൈഫ് ഭവന പദ്ധതി (പട്ടികവർഗ്ഗം) (183/24) | 5,02,000/- | 0 |
| | 2023-24 | 7,46,000/- | ലൈഫ് ഭവന പദ്ധതി (94/24) | 7,46,000/- | 0 |
| | **ആകെ** | **27,30,450/-** | **ആകെ** | **27,30,450/-** | **0** |

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| കെഎസ്ഇബി ഇലക്ട്രിക്കൽ സെക്ഷൻ മുണ്ടക്കയം | S013/24 പട്ടികജാതി കോളനിയിലേക്ക് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ, വാർഡ് -1 | 194343/- (എസ് സി പി) | 194343/- | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. തുകയൊന്നും ശേഷിക്കുന്നില്ല. |
| കെഎസ്ഇബി ഇലക്ട്രിക്കൽ സെക്ഷൻ മുണ്ടക്കയം | S209/24ശബരിമല തീർത്ഥാടനപാതയിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 1341986 | 00 | 1341986 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം സ്വീകരിച്ചതും, തിരികെ ഒടുക്കിയതും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നതുമായ വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി (കെ.യു.ആർ.ഡി.എഫ്.സി. ലോൺ) | ജി.ഒ(എം.എസ്) 68/2018, 18.05.2018, | 12824526/- | 1,48,90,517/- | 2248957/- | -- | 25466086/- |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഈടാക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് / ഉദ്യോഗപ്പേര് | രസീത് നം./തീയതി |
|---|---|---|---|---|
| 2022-23 | 1-13 | 1700 | അപ്പൊളോണിയോ ഡെന്റൽ ക്ലിനിക്ക്(ജീവനക്കാരുടെ തൊഴിൽനികുതി) | 1230101932/ 28.02.2024 |
| 2022-23 | 1-13 | 10200 | Manager SBIകോരുത്തോട് ശാഖ (ജീവനക്കാരുടെ | 1230101975/ 29.02.2024 |

| | | | | |
|---|---|---|---|---|
| | | | തൊഴിൽനികുതി) | |
| 2022-23 | 1-14 | 6468 | സാന്ത്വനം മെഡിക്കൽ സെന്റർ മടുക്ക (ജീവനക്കാരുടെ തൊഴിൽനികുതി) | 1230102192/ 13.03.2024 |
| 2022-23 | 1-15 | 1682 | ശ്രീ. ഉല്ലാസ് എം.ബി ( പെർമിറ്റ് ക്രമവത്ക്കരണ ഫീസ്) | 1230100741/ 28.10.2023 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | 1, അനുബന്ധം-3 | വസ്തു നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-15 | 2-4 | 2016-17 | 2, അനുബന്ധം-4 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2015-16 | 2-5 | 2016-17 | 2, അനുബന്ധം-5 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് ഉൾപ്പെടെയുള്ള ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 7,10,31,832.23/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 4,50,38,543/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | : | 11,12,93,106.57/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | : | 11,32,37,836.00/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 10000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1536329/- |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | ഉത്തരവാദിയായ ആളുടെ പേരും, |
|---|---|---|---|

| | | | |
|---|---|---|---|
| | | | ഉദ്യോഗപ്പേരും |
| 1-21, (3-1) | | 10000/- | ശ്രീ.രാജൻകുട്ടി എൻ ജി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| | | 10000/- | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 1536329/- | ശ്രീമതി.രജനിമോൾ റ്റി ഡി സെക്രട്ടറി |
| **ആകെ** | 1536329/- | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം**

| പേരും, ഉദ്യോഗപ്പോരും | നിലവിലെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജൻകുട്ടി എൻ ജി | വി.ഇ.ഒ, നാറാണംമൂഴി ഗ്രാമപഞ്ചായത്ത് | നരിയാനിക്കൽ (വീട്) പമ്പാവാലി നോർത്ത് പി.ഒ, എരുത്വാപ്പുഴ, കോട്ടയം-686510 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | എൽ.എഫ്.കെ.പി9-53/08 /10.11.2008 | 4 |
| 2009-10, 2010-11 | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2022/377(1)/2022/ 26.08.2022 | 03 |
| 2011-12, 2012-13 | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2022/377(2)/2022/ 26.08.2022 | 10 |
| 2013-14, 2014-15 | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2022/377(3)/2022/ 26.08.2022 | 5 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2022/377(4)/2022/ 26.08.2022 | 4 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2022/377(5)/2022/ 26.08.2022 | 3 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി11/അദാ- | 9 |

| | | |
|---|---|---|
| | 2022/377(6)/2022/ 26.08.2022 | |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2022/377(7)/2022/ 26.08.2022 | 16 |
| 2019-20 | കെ.എസ്.എ.-കെ.ടി.എം.പി11/1085 /2022/ 02.03.2022 | 11 |
| 2020-21 | കെ.എസ്.എ.-കെ.ടി.എം.പി11/1400 /2022/14.12.2022 | 23 |
| 2021-22 | കെ.എസ്.എ.-കെ.ടി.എം.പി11/447 /2023/31.03.2023 | 45 |
| 2022-23 | കെ.എസ്.എ.-കെ.ടി.എം.പി11/1818 /2023/07.12.2023 | 50 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 5 dated 5 (1) dated 26-06-2024 and submitted on 29-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Koruthode Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Koruthode Grama Panchayat as on 31-03-2024

**Date: 04/12/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Koruthode Grama Panchayat for the Year 2023-2024.

**1.Major Observations**

1.No authentic record is maintained to substantiate panchayat general Fund.

2.Capital contribution from the onset of new Accounting Rules is not properly determined.
3. Asset register is not comprehensive and up to date.

4. Timely demand entries are not provided for accrual items of receipt.

5. Figure shown as Capital Work in Progress in Schedule B-11(b) of AFS does noÂt have any relation with current year scenario.

**2.Other Observations**

1.Refunds from various implementing agencies are not properly remitted back to concerned government Heads of Accounts.

2. Infructuos figures are shown as liability in B4 Schedule of AFS. (eg. Shares received
from other LSGIs for joint venture projects and Development Fund (SCSP) amount are retained as liability).

3. Figures Shown as Civil Advance to implementing agencies in B18 Schedule are not timely journalised to Capital.

4. No provision is given for bad debts (revenue arrears) in B-15 (a) of AFS

**Deputy Director**
**Kerala State Audit Department**

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്